RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 7 ● ലക്കം 9 ● മേയ് 2025 ● വില: 18 രൂപ

# വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ



# മഹത്വം

പ്രത്യേക പതിപ്പ്

LINEN PARK®

SHIRTS • TROUSERS • FABRICS

By

RAMRAJ

# Live Light. Dress Right

## With Linen
## That Breathes with You.

Step into effortless elegance with Linen Park by Ramraj Cotton, woven from the finest  linen, every shirt is a whisper of comfort and a statement of class. Whether its busy boardrooms or breezy weekends, Linen Park moves with you; cool, confident, and unmistakably refined.



STORE LOCATION

Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

തങ്ങൾക്കും തങ്ങളെ ഇഷ്ടപ്പെടുന്നവർക്കും
പേരും പെരുമയും നൽകുന്ന പ്രവർത്തികൾ ചെയ്ത്
മനോഹരമായി ജീവിക്കാൻ വഴി കാട്ടുന്ന

# മഹത്വം

## പ്രത്യേക പതിപ്പ്

താങ്കൾക്ക് നൽകുന്നതിൽ അഭിമാനമുണ്ട്.



# നല്ല ജീവിത പാഠങ്ങൾ പഠിക്കണം...

പ്രിയരെ,

മഹത്തരമായ ജീവിതം നയിക്കണമെന്ന് കരുതുന്നവരാണ് ഈ ലോകത്തെ വ്യക്തികളെല്ലാം.എന്നാൽ ഏതാണ് മഹത്തരം എന്നതിനെപ്പറ്റി വ്യക്തമായ ധാരണ വേണം. നല്ല വാക്കും പ്രവർത്തിയും അഭിമാനർഹമായ ഒരു ജീവിതത്തിനു വഴി തെളിക്കുന്നു. അത് ചെറു പ്രായത്തിലേ കുട്ടികളുടെ മനസ്സിൽ പതിപ്പിക്കുന്നത് പ്രധാനമാണ്. നല്ലതും ചീത്തയും നിറഞ്ഞ ഈ ലോകത്തിൽ നമ്മുടെ കുട്ടികളെ ചീത്ത സാഹചര്യത്തിൽ പോലും നല്ലത് ചെയ്യാനും അവരെ നന്മയുടെ പക്ഷത്തു നിൽക്കാനും പരിശീലിപ്പിക്കേണ്ടത് അവശ്യം.

സാധാരണ ഒരു ചെരുപ്പുകുത്തിയുടെ മകനായി ജനിച്ച് പടിപടിയായി അമേരിക്കൻ പ്രസിഡൻറ് സ്ഥാനത്തേക്ക് ഉയർന്ന മഹത് വ്യക്തിയാണ് എബ്രഹാം ലിങ്കൺ. അദ്ദേഹം ലോക ചരിത്രത്തെ മാറ്റിയെഴുതിയ അമേരിക്കൻ പ്രസിഡൻറായി. അദ്ദേഹം പ്രമുഖ രാഷ്ട്രീയ കക്ഷി തലവനായിട്ടു പോലും പ്രതിയോഗികൾ അദ്ദേഹത്തെ അപമാനിക്കാൻ ശ്രമിക്കുകയുണ്ടായി. 'മി. ലിങ്കൺ, താങ്കളുടെ അച്ഛന്റെ അടുക്കലാണ് ഞാൻ എന്റെ ഷൂ തുന്നുന്നത്,' എന്ന് പറഞ്ഞ് ഒരു പ്രതിയോഗി അദ്ദേഹത്തെ അപമാനിക്കാൻ ശ്രമിച്ചു. ഇതു കേട്ട് ലിങ്കൺ ചിരിച്ചതേയുള്ളൂ. 'ആർജവമുള്ള ജീവിതം നയിച്ച എന്റെ അച്ഛനെ താങ്കൾ ഓർത്തതിന് നന്ദി. അദ്ദേഹം എന്നെ പഠിപ്പിച്ചതും ഷൂ തുന്നാനാണ്. താങ്കളുടെ ഷൂവിനു കേടു വന്നാൽ എന്റെ അടുത്തു കൊണ്ടു വന്നാൽ മതി, അത് ഞാൻ തുന്നി ശരിയാക്കാം,' ലിങ്കന്റെ മറുപടി അയാളെ സ്തബ്ധനാക്കി.മഹത്വം എന്താണെന്ന് അദ്ദേഹം അറിഞ്ഞു.

ഒരു തൊഴിലും അപമാനകരമല്ല, തൊഴിലിൽ ആർജവവും മികവും പാലിക്കുന്നതാണ് പ്രധാനം എന്നറിഞ്ഞ വ്യക്തിയായിരുന്നു ലിങ്കൺ. സാധാരണ കുടുംബത്തിൽ ജനിച്ച ഒരാൾ ലോകത്തിലെ വലിയ ജനാധിപത്യ രാജ്യത്ത് പ്രസിഡൻറ് ആയി എന്നതിലുപരി ലിങ്കന്റെ ഉറച്ച മനസ്സും കഠിനമായ അധ്വാനവും മികവുമാണ് ചരിത്രത്തിൽഅദ്ദേഹത്തിനുസ്ഥാനംനൽകുന്നത്. തന്റെ അച്ഛനിൽ നിന്ന് ഷൂ നിർമ്മിക്കാൻ പഠിച്ച ലിങ്കൺ തന്റെ മകനെ എങ്ങനെ പഠിപ്പിക്കണമെന്ന് പറഞ്ഞ് അധ്യാപകന് അയച്ചതെന്നു പറയപ്പെടുന്ന ഒരു കത്ത് ഇപ്പോഴും പ്രസക്തമാണ്. ആ കത്ത് ഏതാണ് അഭിമാനാർഹമായ ജീവിതം എന്ന് നമ്മെ പഠിപ്പിക്കുന്നതാണ്.

'എന്റെ മകനെ പുസ്തകങ്ങൾ എന്ന അത്ഭുത



ലോകത്തിന്റെ വാതിൽ തുറന്നു കാട്ടുക. അതേ പോലെ പ്രകൃതിയുടെ വ്യത്യസ്തമായ അതിശയങ്ങളെ ആസ്വദിക്കാനും പഠിപ്പിക്കണം. ആകാശത്ത് പറക്കുന്ന കിളികളുടെ സ്വാതന്ത്ര്യവും തേനീച്ചകളുടെ ചുറുചുറുക്കും ഹരിതാഭമായ താഴ്‌വാരങ്ങളുടെ ഭംഗിയും അവനെ പഠിപ്പിക്കുക '.

'ഈ ലോകത്തിൽ എല്ലാവരും സത്യസന്ധർ അല്ല എന്ന കാര്യവും അവനെ പഠിപ്പിക്കണം. എന്നാൽ പ്രതികാരബുദ്ധിയോടെ പെരുമാറുന്ന വർക്കിടയിൽ സ്നേഹത്തോടെ കൈകൾ നീട്ടുന്ന വരും ഉണ്ടെന്ന വിശ്വാസം അവനെ പഠിപ്പിക്കണം.


'അസൂയ അവനെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കണം. എന്ത് കണ്ടാലും ഭയന്ന് ഓടുന്നത് ഭോഷത്തരം ആണെന്നും അവനെ പഠിപ്പിക്കണം. പ്രധാനമായി, ചതിക്കുന്നതിനു പകരം തോൽക്കുന്നതാണ് നല്ലത് എന്നവനെ അറിയിക്കണം. മറ്റുള്ളവർ തെറ്റ് എന്ന് വിമർശിച്ചാലുംസ്വന്തംചിന്തയെആശ്രയിക്കാനുള്ള ആത്മവിശ്വാസം അവനുണ്ടാകണം.

'നന്മയുള്ള വ്യക്തികളോടു നന്നായും ചീത്ത വ്യക്തികളോട് കർക്കശമായും പെരുമാറാൻ അവനെ തയാറെടുപ്പിക്കണം. സഹജീവികളുടെ സ്വരം കേൾക്കാൻ അവനെ പ്രേരിപ്പിക്കണം. തിന്മയും നന്മയും നിറഞ്ഞ ഈ ലോകത്തിൽ നല്ലത് മാത്രംഉൾക്കൊള്ളാൻഅവനെപരിശീലിപ്പിക്കണം.

'വിഷമകരമായ കാര്യങ്ങളിൽ ചിരിക്കാൻ അവനെ പഠിപ്പിച്ചു കൊടുക്കണം. കരയുന്നതിൽ ഒരു വിഷമവും വേണ്ട എന്ന് അവൻ അറിയണം. ചീത്ത ജീവിതം നിരാകരിക്കാനും അനാവശ്യമായ പുകഴ്ത്തലുകൾ കേട്ടാൽ കരുതലോടെയിരിക്കാനും അവൻ പഠിക്കണം.

'അൽപ്പത്തം കണ്ടാൽ അവഗണിക്കാൻ അവൻ പഠിക്കണം അതെ പോലെ തന്റെ മഹിമ പ്രദർശിപ്പിക്കാനുള്ള ഒരു അവസരം വന്നാൽ അത് ഒതുക്കത്തോടെ കാട്ടാനുള്ള സൗമനസ്യവും അവനെ പഠിപ്പിക്കുക.'

ഒരു പിതാവ് എന്ന നിലയിൽ തന്റെ മകനെ എങ്ങനെ പരുവപ്പെടുത്തിയെടുക്കണം എന്ന് അധ്യാപകനോടു നിർദേശിക്കുന്ന ഈ കത്ത് എല്ലാ മാതാപിതാക്കളും തങ്ങളുടെ മക്കളിൽ ആഗ്രഹിക്കുന്ന നന്മകളാണ്.



The Culturepreneur

തങ്ങളുടെ കുട്ടികളിൽ നിന്ന് മാതാപിതാക്കൾ പ്രതീക്ഷിക്കുന്ന മഹിമകൾ ഏതെല്ലാമെന്നു നമ്മുടെ പൂർവികർ പറയുന്നുണ്ട്. ഇത് പോലെ കഠിനമായ ജോലി ചെയ്തു തന്നെ ആളാക്കിയ അ അച്ഛന് മകൻ ചെയ്യേണ്ട കടമയെ കുറിച്ചും പൂർവികർ പറയുന്നുണ്ട്. 'ഇങ്ങനെയൊരു മകന് ജന്മം നൽകി വളർത്താൻ ഒരു പിതാവ് എത്ര കഷ്ടപ്പെട്ടിരിക്കും എന്ന് മറ്റുള്ളവരെ കൊണ്ടു പറയത്തക്ക വിധത്തിൽ മകൻ ഏറെ ധന്യമായ ജീവിതം നയിക്കുമ്പോഴാണ് ഒരു അച്ഛൻ ബഹുമാനിതനാകുന്നത്.' നമ്മുടെ ധന്യമായ ജീവിതം മാതാപിതാക്കൾക്ക് മഹത്വം നൽകുന്നു.

ഒരാൾ തന്റെ പഠനം, ജോലി, അധ്വാനം, മികവ് എന്നിവയിൽ ഊറ്റം കൊള്ളാം. ഇത് മൂലം തനിക്കു ലഭിച്ചിരിക്കുന്ന ഉയർച്ചയിൽ അഭിമാനിക്കാം. ഈ മഹത്വം അവർക്ക് ആത്മവിശ്വാസം നൽകും. വലിയ മനനിറവു നൽകും. കൂടുതൽ നേട്ടത്തിന് ഇത് അവരെ പ്രേരിപ്പിക്കും.

ഈ മഹത്വത്തിന് ഒരു അതിർവരമ്പ് ഉണ്ട്. ആ രേഖ കടന്നാൽ അത് ആത്മപ്രശംസ ആകും. ആ ഗുണം നമ്മെ കീഴ്മേൽ മറിക്കും. 'നമ്മെപ്പോലെ പഠിച്ചവർ ഇല്ല' എന്ന സ്വയം പുകഴ്ത്തൽ ഉണ്ടാകും. 'ഞാനാണ് മിടുക്കൻ നമ്മെപ്പോലെ പണിചെയ്യുന്നവർ ആരുമില്ല' എന്നിങ്ങനെ സ്വയം പുകഴ്ത്തൽ ഉണ്ടാകും. ഈ പുകഴ്ത്തൽ ഒരാളെ ബാധിക്കും അതിനാൽ മഹത്വത്തിന് ഒരു കരുതൽ അവശ്യം.

പഠനം ജോലി എന്നിങ്ങനെ നമ്മുടെ ജീവിതത്തിലെ മുന്നേറ്റത്തിനു നാം നമ്മുടെ കുട്ടികളെ തയാറെടുപ്പിക്കുന്നു. അതോടൊപ്പം വീട്ടിനും നാട്ടിനും ഗുണം ചെയ്യുന്ന ഒരു ജീവിതവും അവശ്യം. അടുത്ത തലമുറയ്ക്ക് നല്ല കാര്യങ്ങളും നല്ല പ്രവർത്തനങ്ങളും നമുക്ക് ചൊല്ലിക്കൊടുക്കാം. ഈ അവധിക്കാലത്ത് കുട്ടികളുമായി അർത്ഥപൂർണ്ണമായ കുറെ സമയം ചെലവഴിക്കാൻ 'വെണ്മ പുതിയ കാഴ്ചകൾ' അവതരിപ്പിക്കുന്ന മഹത്വം പ്രത്യേക പതിപ്പ് സഹായിക്കും.

സമസ്ത ഐശ്വര്യങ്ങളും ആശംസിച്ചു കൊണ്ട്,

കെ ആർ നാഗരാജൻ
**സ്ഥാപകൻ, രാംരാജ് കോട്ടൺ**

ഭഗവാനെ ദിനവും എഴുന്നെള്ളിക്കുന്ന തേര് വലിക്കുന്ന ഒരു കുതിര. നല്ല ഗാംഭീര്യവും അഴകും ഉള്ള കുതിരയാണത്. ഭഗവാന്റെ തേര് വലിക്കുന്നു എന്നതിനാൽ എല്ലാവർക്കും അതിനോട് അനൽപ്പമായ ബഹുമാനവും ഉണ്ട്. എന്നാലും ആ കുതിരക്ക് ഒരു വിഷമം. 'ഈ ലോകത്തിൽ തന്നെ പോലെ അഴകുള്ള മറ്റൊരു മൃഗവും ഇല്ല' എന്ന അളവിൽ സൗന്ദര്യം ഉണ്ടാകണം.

ആകെ വിഷമത്തിലായ കുതിര ഒരു ദിവസം തന്റെ ദുഃഖം ഭഗവാനോട് തന്നെ പറഞ്ഞു. 'ഭഗവാനെ, എനിക്ക് സൗന്ദര്യവും മറ്റു ഐശ്വര്യങ്ങളും അങ്ങ് തന്നു. എന്നാൽ എനിക്ക് ഇനിയും സൗന്ദര്യം വേണം എന്നെനിക്കു അതിയായ മോഹമുണ്ട്. ആ അനുഗ്രഹം ചൊരിഞ്ഞാൽ ഞാൻ അങ്ങയോടു എന്നും കടപ്പെട്ടിരിക്കും,' കുതിര ഉണർത്തിച്ചു. ഭഗവാനും അത് സമ്മതിച്ചു. 'നിനക്ക് എന്ത് വേണം. വരം ചോദിക്കുക അത് ഞാൻ നിറവേറ്റി തരാം.'

'എന്റെ ശരീരം അനുപാതമാനുസരിച്ചല്ല എന്നതിനാൽ സൗന്ദര്യം കെട്ട് പോകുന്നു.എന്റെ കഴുത്തിന് ഇത്തിരി നീളം കൂട്ടി മുതുകു ഇത്തിരി വിശാലമാക്കിയാൽ മേൽ ഭാഗത്തിന് ഭംഗി കൂടും. കാലുകൾക്ക് നീളം കുറവാണ്. അവ നീളം കുട്ടി മെലിഞ്ഞ കാലുകളാക്കി മാറ്റിയാൽ എന്റെ കീഴ്ഭാഗവും ഭംഗിയുള്ളതാകും,' കുതിര പറഞ്ഞു.

'ശരി, നീ ആഗ്രഹിച്ച വിധം നിന്നെ രൂപമാറ്റം ചെയ്യാം.' ഉടനെ കുതിര ഒരു ഒട്ടകമായി മാറി. തന്റെ രൂപം കണ്ടു ദുഃഖിതനായ കുതിര ചോദിച്ചു, 'ഭഗവാനെ എന്താണ് ഇങ്ങനെ? ഞാൻ സൗന്ദര്യം കൂടാനാണ് അങ്ങയോടു വരം ചോദിച്ചത്. ഇപ്പോൾ എന്നെ ഇങ്ങനെ ആക്കിയല്ലോ '.

'ശരി, നീ ആഗ്രഹിച്ചത് പോലെ ഞാൻ എല്ലാം മാറ്റി. കഴുത്തും കാലുകളും നീളത്തിലാക്കി , മുതുകു പരന്നതാക്കി ഒട്ടകമാക്കി മാറ്റി,' ഭഗവാൻ പറഞ്ഞു. 'എനിക്ക് ഒട്ടകം ആകേണ്ട. കുതിരയായിരിക്കുമ്പോൾ ആണ് എല്ലാവരും എന്നെ





ഇഷ്ടപ്പെടുന്നത്. എന്നെ പഴയ രൂപത്തിലേക്ക് മാറ്റിയാൽ മതി,' കുതിര കേണപേക്ഷിച്ചു.

വീണ്ടും അതിനെ കുതിരയാക്കി മാറ്റിയ ഭഗവാൻ കുതിരയോട് ഇങ്ങനെ പറഞ്ഞു, 'കുതിരയായി ഇരിക്കുന്നതിൽ നീ അഭിമാനിക്കൂ. ആരും മറ്റുള്ളവരെപ്പോലെ മാറാൻ ആഗ്രഹിക്കരുത്. ഓരോരുത്തർക്കും തനതായ മികവുകൾ ഉണ്ട്. നിന്റെ വേഗവും ഗാംഭീര്യവും ഓടാനുള്ള ശേഷിയും ഒട്ടകത്തിനു ഇല്ലായിരിക്കാം. പക്ഷെ മരുഭൂമിയിൽ അതിനെ പോലെ നിനക്ക് ജീവിക്കാൻ കഴിയില്ല.'

ഓരോരുത്തർക്കും സ്വയം മതിപ്പ് ഉണ്ടെങ്കിൽ മാത്രമേ അവർക്കു മഹത്വവും ആത്മവിശ്വാസവും ഉണ്ടാകൂ. അവർ തന്റെ മികവുകൾ, കഴിവുകൾ എന്നിവ ഓർത്ത് അഭിമാനിക്കും. തന്റെ മികവുകൾ ഓർത്തു അഭിമാനിക്കാൻ എന്ത് ചെയ്യണം ?

- മറ്റുള്ളവരുമായി സ്വയം താരതമ്യം ചെയ്തു 'ഇതൊന്നും എനിക്കില്ലല്ലോ' എന്ന് വിഷമിക്കുന്നത് നെഗറ്റീവ് ചിന്താഗതിയാണ്. അതിനു പകരം നിനക്ക് എന്തെല്ലാം മികവുകൾ ഉണ്ട് എന്ന് പട്ടിക തയാറാക്കി അതിനു നന്ദി പറയണം. താരതമ്യം ഇങ്ങനെ പോസിറ്റീവ് ആക്കി മാറാൻ നമുക്ക് കഴിയണം. ഉദാഹരണമായി എനിക്ക് ലഭിച്ച പോലെ സുഹൃത്തുക്കൾ മറ്റാർക്കുമില്ല എന്ന് അഭിമാനിക്കാം എന്നെപ്പോലെ ആരോഗ്യം സംരക്ഷിക്കുന്നവർ കുറവ് എന്ന് സന്തോഷിക്കാം.

- നെഗറ്റീവ് ചിന്തകൾ ഉണ്ടാകുമ്പോൾ അതിൽ നിന്ന് നിങ്ങളുടെ ശ്രദ്ധ തിരിച്ചു വിടണം. അങ്ങനെയുള്ള ചിന്തകൾ രൂപപ്പെടുന്ന ഇടങ്ങളിൽ നിന്ന് മാറിനിൽക്കണം. സുഹൃത്തുക്കളുമായി സംസാരിച്ചിരിക്കാം. പാട്ട് കേൾക്കാം. അല്ലെങ്കിൽ ഒന്ന് നടന്നു വരാം. മനസ്സിനെ പോസിറ്റീവ് ചിന്തകളിലേക്ക്നയിക്കുന്നകഴിവ്എല്ലാർക്കുമുണ്ട്. നെഗറ്റീവ് ചിന്തകളെ പോസിറ്റീവ് ചിന്തകൾ ആക്കി മാറ്റുക.

- നെഗറ്റീവ്ആയിസംസാരിക്കുകയുംവിമർശനം എന്ന പേരിൽ നിങ്ങളെ മുറിപ്പെടുത്തുകയും ചെയ്യുന്നവരിൽ നിന്ന് മാറി നടക്കുക. ചുറ്റിലും പോസിറ്റീവ് ആയി സംസാരിക്കുന്നവർ ഉണ്ടാകട്ടെ. നിങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക.

- നമ്മുടെ കുറവുകൾ നമുക്ക് നന്നായി അറിയാൻ കഴിയും. 'മറ്റുള്ളവർ എല്ലാവരും നല്ല സന്തോഷത്തോടെ ഇരിക്കുന്നു, നന്നായി അദ്ധ്വാനിക്കുന്നു സൗകര്യങ്ങളോടെ കഴിയുന്നു, നമുക്ക് മാത്രം എന്താണ് ഇത്ര പ്രശ്നങ്ങൾ, ബുദ്ധിമുട്ടുകൾ' എന്ന് കരുതരുത്. ഈ ചിന്ത തെറ്റാണ്. കുറവുകളോ പ്രശ്നങ്ങളോ ഇല്ലാത്തവർ ആരുമില്ല. അവ പരിഹരിക്കാനുള്ള മാർഗങ്ങൾ തേടുന്നതാണ് പ്രധാനം.

- ആരോഗ്യകരമായ വിമർശനങ്ങൾ ആര് നടത്തിയാലും അത് അംഗീകരിക്കണം. എന്നാൽ അത് നിങ്ങളുടെ അഭിമാനത്തെ ബാധിക്കുന്നതോ അവമാനിക്കുന്നതോ ആകരുത്. ആരോഗ്യകരമായ വിമർശനങ്ങൾ മാനിച്ചു കൊണ്ട് അതനുസരിച്ച് മാറ്റങ്ങൾ വരുത്തുന്നത് നമ്മുടെ മഹത്വം വ്യക്തമാക്കും. വിമർശനങ്ങൾ കേട്ട് കോപിക്കരുത്. സ്നേഹപൂർവ്വമുള്ള വിമർശനമാണെങ്കിൽ അതിനു നന്ദി പറയുക. ആ വിമർശനങ്ങൾ ശരിയോ തെറ്റോ എന്ന് ഒന്ന് രണ്ടു നാൾ ആലോചിച്ചു വേണ്ട വിധം മാറ്റം വരുത്തുക.

- പോസിറ്റീവ് ആയ വിമർശനങ്ങളെ വരവേൽക്കാം. എന്നാൽ വിമർശനം എന്ന പേരിൽ നിങ്ങളെ വേദനിപ്പിക്കാനോ അവമാനിക്കാനോ കളിയാക്കാനോ ആർക്കും അവകാശമില്ല. അവർ യഥാർഥത്തിൽ നിങ്ങളെ തകർക്കാനാണ് ആഗ്രഹിക്കുന്നത്. അത് വിമർശനം അല്ല. നിങ്ങളുടെ നന്മയും അല്ല അവരുടെ ലക്ഷ്യം. അവർ തങ്ങളുടെ മനസ്സിൽ ഉള്ള വെറുപ്പാണ് പ്രദർശിപ്പിക്കുന്നത്. അവരിൽ നിന്നും അകലം പാലിക്കുക. •

# കഥാനേരം

സൂപ്പർ മാർക്കറ്റിൽ ഷോപ്പിംഗ് നടത്തുകയാണ് ഒരു യുവാവ്. അവൻ ഏതു വരിയിൽ ചെന്നാലും അവന്റെ പിന്നാലെ ഒരു സ്ത്രീയുണ്ട്. അവർ അവനെ ഉറ്റു നോക്കിക്കൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞാണ് അവൻ അതേപ്പറ്റി ബോധവാനായത്.

ആ സ്ത്രീക്ക് 35 വയസ്സ് പ്രായമുണ്ട്. എന്നാൽ പ്രായം തോന്നാത്ത വിധം അപാര സൗന്ദര്യമുണ്ട്. യുവാവും ആ സ്ത്രീയെ കണ്ടു ചിരിച്ചു. അവരും തിരികെ ചിരി പൊഴിച്ചു. അവനു മനസ്സിൽ ഏതോ ഒരു വികാരം. തലമുടി കൈ കൊണ്ടു പിരിച്ചു ത ട വി. മുഖം കർചീഫ് കൊണ്ടു നന്നായി തുടച്ചു. ഇന്ന് പഴയ ഒരു ജീൻസ് ആണല്ലോ ഇട്ടതു എന്നോർത്തു വിഷമം തോന്നി. എന്തായാലും എ സ്ത്രീ അവനെ ഒരു കണ്ണാൽ നോക്കി കൊണ്ടിരുന്നു.

ഷോപ്പിംഗ് കഴിഞ്ഞു ബിൽ അടയ്ക്കേണ്ട നേരമായി. അവൻ ക്യൂവിൽ നിൽക്കുമ്പോൾ പെട്ടെന്ന് ആ സ്ത്രീ മുന്നിൽ വന്നു നിന്നു. അവനോടു പറഞ്ഞു, 'ഞാൻ നിന്നെ അടിക്കടി നോക്കിയത് കൊണ്ടു തെറ്റായി വിചാരിക്കരുത്. നോക്കാതിരിക്കാൻ പറ്റാതെ വന്നതാണ്. എനിക്ക് ഒരു കുട്ടി ഉണ്ടായിരുന്നു. അവൻ നിന്നെ പോലെയായിരുന്നു. കഴിഞ്ഞ മാസം ഒരു അപകടത്തിൽ അവൻ മരിച്ചു,' കലങ്ങിയ കണ്ണുകളോടെ അവർ പറഞ്ഞു.



ആ യുവാവിന്റെ മനസ്സിൽ തോന്നിയ എല്ലാ വികാരങ്ങളും തകർന്നു. 'ഞാൻ അങ്ങനെയൊന്നും കരുതിയില്ല,' അവൻ കുറ്റബോധത്തോടെ പറഞ്ഞു.

'ഈ അമ്മയ്ക്ക് നീ മറ്റൊരു സഹായം ചെയ്യണം ഞാൻ പോകുമ്പോൾ ഗുഡ് ബൈ മമ്മി എന്ന് പറഞ്ഞു ഈ സാധനം വാഹനത്തിൽ കൊണ്ടു തരണം.' ആ യുവാവ് അവർ പറഞ്ഞത് പോലെ ചെയ്തു അവർ കണ്ണീരോടെ മടങ്ങിപ്പോയി.

അവനു ബിൽ ഇട്ട ക്ലാർക്ക് അയ്യായിരം രൂപ അടക്കണം എന്ന് പറഞ്ഞു. 'ഞാൻ ആയിരം രൂപയുടെ സാധനങ്ങൾ പോലും എടുത്തിട്ടില്ലല്ലോ,' എന്നായി അവൻ. 'ആ അമ്മ അവരുടെ കണക്കു കൂടി നിങ്ങളുടെ കണക്കിൽ പെടുത്താൻ പറഞ്ഞു.' അപ്പോഴാണ് അവനു തട്ടിപ്പ് മനസ്സിലായത്.

വലിയ കാര്യങ്ങൾ പറഞ്ഞു പറ്റിക്കുന്നവരെ സൂക്ഷിക്കണം.

ഒരു ദേവാലയത്തിൽ ഞായറാഴ്ച പ്രാർത്ഥിക്കാൻ വരുന്നവർക്ക് പുതിയ ഉപദേശി വലിയ തലവേദനയായി മാറി. ഏറെനേരം ഉപദേശിച്ച് ഉപദേശി അവരെ ആകെ ബോറടിപ്പിച്ചു.പലരും പിറുപിറുത്തത് അവസാനം പാതിരിയുടെ പക്കലും എത്തി.

അടുത്ത ഞായറാഴ്ച ഉപദേശിക്കു പുതുതായി ഒരു സഹായി വന്നിരുന്നു. അവരുടെ കയ്യിൽ ഒരു കാണിക്കപ്പെട്ടി. 'ദേവാലയത്തിന് വേണ്ടി നിധി സമാഹരിക്കുകയാണ്. നിങ്ങൾ തരുന്ന സംഭാവന ആയിരം രൂപയിൽ കൂടുതലായാൽ ഞാൻ അഞ്ചു മിനിറ്റിൽ കൂടുതൽ സംസാരിക്കില്ല. അഞ്ഞൂറ് രൂപ ആണെങ്കിൽ അര മണിക്കൂർ സംസാരിക്കും. നൂറു രൂപ കണക്കിനാണെങ്കിൽ ഒരു മണി നേരത്തിൽ കൂടുതൽ ഉപദേശിക്കാം എന്ന് കരുതുന്നു' എന്ന് പാതിരി പറഞ്ഞു. സഹായിയെ കാണിക്കപെട്ടി കുലുക്കി തുക വാങ്ങാൻ അയച്ചു. പലരും ആകെ അമ്പരന്നു പണം നൽകി. അത് ശരാശരി ആയിരത്തിലും മേലെയായിരുന്നു. അതിനു ശേഷം ഇത് പതിവായി മാറി. ഉപദേശിയുടെ പ്രസംഗത്തിന്റെ ദൈർഘ്യവും കുറഞ്ഞു.

കാലങ്ങൾ കഴിഞ്ഞു പോയി. ഒരു പ്രാർത്ഥനാ

സൈന്യത്തിന് ആയുധവും മറ്റു വസ്തുക്കളും നിർമ്മിച്ചിരുന്ന ഒരു സ്ഥാപനം ഉണ്ടായിരുന്നു. വൈദ്യുതി വേലി കൊണ്ടു സംരക്ഷിക്കപെട്ട ഇടമാണ് അത്.വാതിൽക്കൽ ശക്തമായ സുരക്ഷയുണ്ട്. ഒരു രാത്രി ഏതോ ജോലിയായി അവിടെ വന്ന ഉയർന്ന അധികാരി അവിടെ മയങ്ങിയിരിക്കുന്ന സുരക്ഷാ ഭടന്മാരെ കണ്ടു കുപിതനായി. 'ഇനി മനുഷ്യരെ സുരക്ഷയ്ക്ക് വയ്ക്കേണ്ട. നായ്ക്കളെ അതിനായി പരിശീലിപ്പിക്കണം,' അദ്ദേഹം ഉത്തരവിട്ടു.



ഉടനെ നല്ല ജനുസ്സിൽ പെട്ട കുറെ നായകളെ കമ്പനി വാങ്ങി. അതിനു ഏറെ നാൾ നല്ല പരിശീലനം കൊടുത്തു. 24 മണിക്കൂറും എല്ലാ സുരക്ഷ നടപടികളും അവർ നല്ല മികവോടെ നടത്തി വന്നു.

അധികാരിക്ക് നല്ല സന്തോഷമായി. 'ഈ നായകളെ വാഹന പരിശോധനക്ക് വച്ചാൽ നന്നായിരിക്കും,' എന്ന് അദ്ദേഹം കരുതി. വ്യവസായത്തിന് വേണ്ടിസാധങ്ങളുമായിനിരവധി വാഹനങ്ങൾ അവിടെ വരും.പോകും. മുഖ്യമായ ഏതെങ്കിലും വസ്തു മോഷ്ടിക്കപ്പെടാം എന്ന ഭീതി അവർക്കുണ്ട്.'എന്നാൽ നായകൾക്ക് അത് നമ്മുടെ സാധനം, മറ്റുള്ളവരുടെ സാധനം എന്ന് എങ്ങനെ മനസ്സിലാക്കാനാകും. ചില ജോലികൾ മനുഷ്യർക്കു മാത്രമേ പറ്റു,' എന്ന് ചിലർ എതിർപ്പ് പറഞ്ഞു.

'നന്നായി സുരക്ഷാനടപടികൾ നടത്തുന്ന നായകൾക്ക് ഇത് പറ്റാതിരിക്കുമോ' എന്നായി അദ്ദേഹം. അപ്പോൾ പുറമേക്ക് പോകുന്ന ഒരു വണ്ടിയിൽ നായയെ കയറ്റി വിട്ടു. അത് വേഗത്തിൽ എല്ലാം പരിശോധിച്ചു. ഡ്രൈവർ കാബിനിൽ കയറി എന്തോ ശ്രദ്ധിച്ചു. അധികാരി അത് വലിയ അഭിമാനത്തോടെ നോക്കി നിന്നു. നായ ഡ്രൈവറുടെ ഭക്ഷണം കഴിക്കുകയായിരുന്നു.

എല്ലാ ജോലികളും എല്ലാവർക്കും ചെയ്യാനാവില്ല.

ദിനത്തിൽ ഉപദേശി തനിക്കു മറ്റൊരിടത്തേക്ക് മാറ്റം ലഭിച്ചു എന്ന് അവരെ അറിയിച്ചു. 'അടുത്ത വാരം ഞാൻ ഇവിടെ നിന്നു പോകും. പുതിയ ഉപദേശി വരും.' പലരും തങ്ങളുടെ ദയനീയ നില മറന്നു കയ്യടിച്ചു. ഉപദേശി സന്തോഷിച്ചു.

പ്രാർത്ഥന കഴിഞ്ഞപ്പോൾ ഒരു മുത്തശ്ശി കണ്ണീരോടെ ഉപദേശിയെ സമീപിച്ചു. താൻ പോകുന്നതിൽ അവർക്ക് വിഷമമാണ് എന്ന് കരുതി ഉപദേശി അവരോടു 'വിഷമിക്കേണ്ട ഇനി വരുന്ന ആൾ എന്നെക്കാളും നല്ല ആൾ' എന്ന് പറഞ്ഞു. 'എപ്പോഴും ഇങ്ങനെയാണ് പറയുന്നത്. നടക്കുന്നത് വേറെ വിധത്തിലും,' എന്ന് മുത്തശ്ശി പറഞ്ഞു.

പദവി കൊണ്ട് ആദായം ഉണ്ടാക്കുന്നവർക്ക് ആദരം ലഭിക്കില്ല. ●



# മഹത്വമുള്ള മനുഷ്യരായി മാറുക

ഒരുഎലിഒരുനാൾഉറക്കത്തിൽനിന്ന്എണീറ്റത് വലിയ വിഷമത്തോടെയാണ്. 'ഈ കാട്ടിൽ എന്നെപ്പോലെ ഇത്ര അശുവായ മറ്റൊരു മൃഗമില്ല,' അത് തന്റെ സങ്കടം പറഞ്ഞു. എങ്ങനെയെങ്കിലും ഇത് മാറ്റിയെ തീരു എന്ന് അത് ഉറപ്പിച്ചു. അങ്ങനെ വനത്തിലെ രാജാവായ സിംഹത്തെ പോയി കണ്ടു. 'ഞാനും താങ്കളെ പോലെ രാജാവായി മാറാൻ എന്താണ് വഴി?' എലി ചോദിച്ചു.

എലിയുടെ ആവശ്യം കേട്ട് സിംഹം ചിരിച്ചു. ഉടനെ ശബ്ദം ഉയർത്തി ഗർജനം മുഴക്കി. അത് കേട്ട് കാടെല്ലാം ഇളകി. പല മൃഗങ്ങളും പേടിച്ചു ഓടി. 'കേട്ടില്ലേ ഈ ഗർജനവും രൂപവും മൂലമാണ് എന്നെ കാട്ടിൽ രാജാവാക്കിയിരിക്കുന്നത്.ഇതിൽ ഏതെങ്കിലും ഒന്ന് നിനക്കുണ്ടോ? എന്റെ കാൽ വിരലിന്റെ വലുപ്പം ഇല്ലാത്ത നീ ഇങ്ങനെ ആശിക്കാമോ?' സിംഹം ചോദിച്ചു.

കണ്ണീരോടെ അവിടെ നിന്ന് തിരിച്ച എലി വഴിയിൽ ഒരു മാനിനെ കണ്ടു. മാനിനോടും എലി ഇതേ ആഗ്രഹം ആവർത്തിച്ചു. 'എന്റെ കാലു കണ്ടോ? എന്തൊരു നീളമാണ്. ഞാൻ സിംഹത്തെക്കാൾ വേഗത്തിൽ ഓടും, അറിയുമോ? നിന്റെ കാലുകൾ എത്ര ചെറുതാണ്. ഒന്ന് നോക്കിയേ' എന്ന് പറഞ്ഞു മാൻ ചിരിച്ചു.

എലിയുടെ കരച്ചിൽ കൂടി. ആകെ പരിക്ഷീണ നായ അത് വഴിയിൽ ഒരു കുരങ്ങിനെ കണ്ടു. 'നിന്നെപ്പോലെ വേഗത്തിൽ മരത്തിൽ കയറാൻ കഴിഞ്ഞാൽ എനിക്ക് ഈ കാടിന്റെ രാജാവാകാൻ കഴിയുമോ,' അത് കുരങ്ങിനോടു ചോദിച്ചു.

'എനിക്ക് നീളമുള്ള വാൽ ഉണ്ട്. അതിനാൽ ശരവേഗത്തിൽ മരത്തിൽ കയറാൻ കഴിയും. നിന്റെ വാല് നോക്കുക. എത്ര മെലിഞ്ഞതാണ്'എന്ന് പറഞ്ഞ് കുരങ്ങ് എലിയെ പരിഹസിച്ചു.

ഇതേത്തുടർന്ന് എലി ഒരു മാളത്തിൽ ഒളിച്ചിരുന്നു.അതിനു പുറത്തിറങ്ങാൻ ലജ്ജ തോന്നി. ചെറിയ രൂപം, മെലിഞ്ഞ കാലുകൾ, ഒരു ചരട് പൊലെയുള്ള വാൽ.അങ്ങനെ തന്റെ ശരീരത്തിൽ ഉള്ള ഒന്നും അതിനു ഇഷ്ടപ്പെട്ടില്ല. 'ഈ കാട്ടിൽ എല്ലാ മൃഗങ്ങൾക്കും ഒരു തനിമ ഉണ്ട്. എനിക്ക് മാത്രം ഒന്നുമില്ല' അത് പരിതപിച്ചു.

അപ്പോൾ കാടു നടുങ്ങുന്ന വിധത്തിൽ വലിയ ശബ്ദം കേട്ടു. ഭൂമി കുലുക്കമാണെന്ന് കരുതി അത് തന്റെ മാളത്തിൽ നിന്നു പുറത്തു വന്നു നോക്കി. ആ കാഴ്ച കണ്ടു അത് നടുങ്ങിപ്പോയി. ഒരു വേട്ടക്കാരൻ വന്നു. സിംഹം, മാൻ, കുരങ്ങ് എന്നീ മുന്നു മൃഗങ്ങളെയും വലയിലാക്കി കൊണ്ടു പോകുകയാണ്. കൂട്ടിലകപ്പെട്ട പോലെ അവ ഭയം കൊണ്ടു കരയുകയാണ്

വേട്ടക്കാരൻ തന്റെ വാഹനം എടുത്തു കൊണ്ടു വരാൻ പോയ തക്കത്തിനു എലി അവരുടെ കൂട്ടിനു അടുത്തു ചെന്നു. അത് കയറു കൊണ്ടു മാത്രമാണ് കെട്ടിയിരിക്കുന്നത്. ആ കയർ തന്റെ പല്ല് കൊണ്ടു മുറിച്ചു എലി. ആ മൂന്നു മൃഗങ്ങളും കൂട്ടിൽ നിന്ന് രക്ഷപ്പെട്ടു കാട്ടിലേക്ക് വേഗത്തിൽ ഓടിപ്പോയി. 'കാട്ടു രാജാവിനെ രക്ഷപ്പെടുത്തി നീ ഒരു തലവൻ എന്ന പേര് നേടിയിരിക്കുന്നു' എന്ന് സിംഹം തന്നെ അവനെ ആശംസിച്ചു. തന്റെ തനതു ശക്തിയും അത് മൂലം ലഭിച്ച മഹിമയും എലി അനുഭവത്തിലൂടെ പഠിച്ചു.

❖ ഓരോരുത്തർക്കും ഇങ്ങനെ തങ്ങളുടെ തനതുശക്തിയും മഹത്വവും അറിയാൻ ഓരോ അവസരം ലഭിക്കും. ഇതിനുള്ള അവസരം നമുക്ക് തന്നെ സൃഷ്ടിക്കാനും കഴിയും.

❖ ചെറിയ ചെറിയ വിജയങ്ങൾ നിങ്ങൾ നേടിയിരിക്കുന്നു. ആ അവസരങ്ങൾ





നിങ്ങൾ ഭാവനയിൽ കാണുക. അപ്പോൾ നിങ്ങൾ എത്ര ഉത്സാഹത്തോടെയും ആത്മവിശ്വാസത്തോടെയുമാണ് ഇരുന്നതെന്ന് ഓർക്കുക. അതേ മാനസിക വ്യാപാരത്തോടെ പുതിയ ഉദ്യമങ്ങൾ തുടങ്ങുക. എല്ലാ പ്രവർത്തിയിലും വിജയം വരിച്ചു പെരുമ നേടുന്ന വ്യക്തിയായി നിങ്ങൾ മാറും.

❖ നിവർന്നു നടക്കുക, ശരിയായി അമർന്നിരിക്കുക, മറ്റുള്ളവരുടെ കണ്ണിൽ നോക്കി സംസാരിക്കുക എന്നിങ്ങനെ നിങ്ങളുടെ ശരീര ഭാഷ മാറ്റുക. ഇത് നിങ്ങൾക്ക് സമ്മാനിക്കുന്ന ആത്മവിശ്വാസം അളവില്ലാത്തതാണ്.

❖ നിങ്ങളുടെ വസ്ത്രങ്ങൾ, അണിഞ്ഞിരിക്കുന്ന പാദ രക്ഷകൾ, അലങ്കാരങ്ങൾ എന്നിവ സൃഷ്ടിക്കുന്ന ഭാവമാണ് നിങ്ങൾക്ക് പ്രമുഖ സ്ഥാനം നൽകുന്നത്. ഒരു കാരണവശാലും ഇതിൽ വീഴ്ച വരുത്തരുത്.

❖ നിങ്ങളുടെ പ്രവർത്തികളുടെ ഫലം എന്താണ്, എന്തെല്ലാം കാര്യങ്ങൾ ചെയ്തു എന്നിവയുടെ ഒരു പട്ടിക തയ്യാറാക്കുക. തോൽവികളിൽ ദുഃഖിതരായിരിക്കുമ്പോൾ ഈ പട്ടിക എടുത്തു നോക്കിയാൽ താങ്കൾക്കു അഭിമാനം തോന്നും. നെഗറ്റീവ് കാര്യങ്ങളിൽ ശ്രദ്ധ തിരിക്കാതെ പോസിറ്റീവ് കാര്യങ്ങളിൽ ശ്രദ്ധിക്കാൻ ഇത് താങ്കൾക്കു അവസരം നൽകും. നിങ്ങൾ ചെയ്ത പ്രവർത്തികൾ വച്ചു അഭിമാനിക്കാനും നിങ്ങളുടെ ബലം ഉപയോഗിച്ചു ഇനിയും എന്ത് സാധിക്കാനാകും എന്ന് ചിന്തിക്കാനും ഇത് സഹായിക്കും.

❖ എന്റെ കഴിവും വിജയങ്ങളും മറ്റുള്ളവർ കണ്ടറിഞ്ഞു അഭിനന്ദിക്കും എന്ന് ഇപ്പോൾ പൂർണ്ണമായി പറയാൻ കഴിയില്ല. നിങ്ങളെപ്പറ്റി നിങ്ങളാണ് പറയേണ്ടത്. സുഹൃത്തുക്കളോട് പറയുക, സമൂഹ മാധ്യമങ്ങളിൽ നിങ്ങളുടെ നേട്ടങ്ങളെപ്പറ്റി പറയുക, ഇങ്ങനെ ലഭിക്കുന്ന അഭിനന്ദങ്ങൾ നിങ്ങളുടെ പെരുമ വർദ്ധിപ്പിക്കും.

❖ പ്രതിസന്ധി ഘട്ടങ്ങളിൽ തളരരുത്. ''ഇത് കഠിനമാണ്. എന്നാൽ ഇത് എങ്ങനെ ചെയ്തു വിജയിക്കണമെന്ന് എനിക്ക് മനസ്സിലാകും ''എന്ന് മനസ്സിൽ തീരുമാനിക്കുക. നിങ്ങൾ വിജയിക്കും.

ആരും നിങ്ങൾക്ക് ആദരവ് കാട്ടുന്നില്ല എങ്കിലും നിങ്ങൾ സ്വയം നിങ്ങളെ ബഹുമാനത്തോടെ കാണുക. പ്രതീക്ഷ ചില അവസരങ്ങളിൽ തെറ്റിപ്പോകും. എന്നാൽ പരിക്ഷീണനായി നിങ്ങൾ ജോലി അവസാനിപ്പിക്കരുത്. എല്ലാ വഴികളും സുഗമമാകണമെന്നില്ല. ഏതെല്ലാം പ്രതിസന്ധികളെ താണ്ടിയാണ് താങ്കൾ വിജയിച്ചത് എന്നതിലാണ് നിങ്ങളുടെ പെരുമ.

# ബഹുമാനം ചോദിച്ചു വാങ്ങരുത്

പഴയകാല യുദ്ധങ്ങളിൽ ഒരു കീഴ്‌വഴക്കമുണ്ട്. യുദ്ധത്തിൽ ജയിച്ച രാജാക്കന്മാർക്കും അവരുടെ തേരാളികൾക്കും ആദരവ് നൽകും. വിജയ ശ്രീലാളിതരായി മടങ്ങുന്ന അവർ തങ്ങളുടെ തേര് വരിവരിയായി നിർത്തും. പിന്നിട് തേരാളികൾ അതിൽ നിന്ന് താഴോട്ടു ഇറങ്ങും. അതിനു ശേഷം രാജാവ് ഇറങ്ങുന്ന ഉടനെ തേരാളി രാജാവിനെ വണങ്ങി മാല അണിയിച്ചു ആദരിച്ചു വിജയ ഘോഷം മുഴക്കും. തനിക്കു യുദ്ധത്തിൽ വിജയം നേടാൻ സഹായിച്ച ആ തേരാളിക്ക് രാജാവ് സമ്മാനങ്ങൾ നൽകും.

കുരുക്ഷേത്ര യുദ്ധത്തിൽ വിജയിച്ച പാണ്ഡവർക്കു വേണ്ടി വിജയാഘോഷം നടന്നു. ധർമപുത്രർ, ഭീമൻ, അർജുനൻ, നകുലൻ, സഹദേവൻ എന്നീ അഞ്ചു പേരുടെ രഥങ്ങളും വരിയായി നിർത്തി ചടങ്ങുകൾ തുടങ്ങി. തേരാളികൾ മാത്രമല്ല ജനങ്ങളും യുദ്ധവീരന്മാരും അവിടെ വിജയാഘോഷത്തിനു എത്തിയിരുന്നു.

ആദ്യം തേരാളികൾ ധർമ്മപുത്രനെയും ഭീമനെയും ആദരിച്ചു.അടുത്തത് അർജുനന്റെ ഊഴമാണ്. 'ആർക്കും ലഭിക്കാത്ത ഭാഗ്യം എനിക്ക് ലഭിക്കാൻ പോകുകയാണ്. ഭഗവാൻ കൃഷ്ണൻ തന്നെ എന്നെ മാലയിട്ടു ആദരിക്കും.' അർജുനൻ അഹങ്കാരത്തോടെ കരുതി തേരിൽ നിന്നു ഇറങ്ങിയില്ല. എന്നാൽ കൃഷ്ണനും തേരിൽ തന്നെയിരുന്നു. 'അർജുനാ, ഈ തേര് മാത്രം കീഴ്‌വഴക്കം പാലിക്കില്ല. ചടങ്ങിനു നീ ആദ്യം തേരിൽ നിന്ന് ഇറങ്ങുക,' എന്ന് കൃഷ്ണൻ ഉറച്ച സ്വരത്തിൽ പറഞ്ഞു. തന്റെ സഹോദരന്മാർക്ക് ലഭിച്ച ബഹുമാനം തനിക്കു ലഭിച്ചില്ലല്ലോ എന്ന

# ഏതിലാണ് മഹത്വം?

മധ്യ അമേരിക്കയിൽ ഹോണ്ടുറാസ് എന്ന രാജ്യത്ത് ചൊലുഡെക്ക എന്ന നദിക്കു കുറുകെ ഒരു പാലം 1930കളിൽ കെട്ടപ്പെട്ടു. 'ഇത്തരമൊരു പാലം മധ്യ അമേരിക്കയിൽ ഇല്ലേ ഇല്ല' എന്ന് എല്ലാവരും അഭിമാനത്തോടെ പറഞ്ഞു. അമേരിക്കയുടെ സഹായത്തോടെ കെട്ടപ്പെട്ട ആ പാലം എല്ലാ പ്രകൃതിക്ഷോഭങ്ങളെയും അതിജീവിക്കും എന്ന് കരുതപ്പെട്ടിരുന്നു.

1998ലെ കൊടുങ്കാറ്റിൽ മറ്റു പാലങ്ങൾ തകർന്നു പോയെങ്കിലും ചൊലു ഡെക്ക പാലം മാത്രം ആ വിപത്തിനെ അതിജീവിച്ചു. എങ്കിലും അതിനു ശേഷം അത് ഉപയോഗ യോഗ്യമല്ലതായി മാറി. ആ പാലത്തിലേക്ക് ഉള്ള പാതകൾ കേടായതാണ് ഒരു കാരണം. മാത്രമല്ല ആ നദി തന്നെ ദിശ മാറി ഒഴുകി

എല്ലാ കരുതലോടെയും നിർമ്മിച്ചതാണെങ്കിലും ആ പാലം ആർക്കും ഉപയോഗമില്ലാത്തതായി മാറി. നദി ദിശ മാറിയതോടെ ആ പാലം ജനങ്ങൾക്ക്



പ്രയോജനമില്ലാത്തതായി.

മാനേജ്മെന്റ് പാഠമായി മാറിയിരിക്കുകയാണ് ഇന്ന് ഈ പാലം. ഒരാൾ കർക്കശമായി പ്രവർത്തിച്ചു ഏതു പ്രതിസന്ധികളെയും നേരിടാൻ കഴിവുള്ള ആളായാലും കാലം മാറുന്നത് അനുസരിച്ചു മാറിയില്ലെങ്കിൽ അവർ പ്രയോജന രഹിതരായി മാറും എന്നാണു പാഠം.

കാലമാറ്റങ്ങൾ അതിജീവിച്ചു നിലകൊള്ളുന്നു എന്നതിൽ അല്ല, ആ മാറ്റങ്ങൾക്ക് അനുസൃതമായി നാം മാറിയിരിക്കുന്നുവോ എന്നതിലാണ് പെരുമ.

വിഷമത്തോടെ അർജുനൻ താഴെയിറങ്ങി.

അർജുനൻ ഇറങ്ങിയതും ഭഗവാൻ തേരിൽ നിന്നു ഇറങ്ങി. ആ നിമിഷം തേര് തീപിടിച്ചു വെന്തെരിഞ്ഞു. എല്ലാവരും അത് കണ്ടു ഞെട്ടി. 'അർജുനാ, ചീത്ത ശക്തികൾ നിന്നെ ലക്ഷ്യം വച്ചു തയാറാക്കിയ എല്ലാ ആയുധങ്ങളെയും ഞാൻ തടുത്തു നിർത്തിയിരുന്നു. തേരാളിയായി ഞാൻ അതിൽ ഇരുന്നപ്പോൾ അവർക്കാർക്കും അതിൽ തൊടാൻ ധൈര്യം ഇല്ലായിരുന്നു. ആദ്യം ഞാൻ ഇറങ്ങിയിരുന്നെങ്കിൽ തേരോടെ നീയും അഗ്നിക്കിരയാകുമായിരുന്നു.'

'എന്റെ എല്ലാ പ്രവർത്തികൾക്കും ഒരു കാരണമുണ്ടെന്നു നിന്നെ അറിയിച്ചിട്ടുള്ളതാണ്. എന്നിട്ട്വിജയത്തിന്റെആദരവ്തേടിനിന്റെമനസ്സ് അലയുകയാണ്. അർത്ഥരഹിതമായ ആദരവ് തേടി മനസ്സ് അസ്വസ്ഥമാക്കരുത്,'കൃഷ്ണൻ പറഞ്ഞു. പതറിപ്പോയ അർജുനൻ ആ കാലടികളിൽ ശരണം അടഞ്ഞു.



# എന്താണ് മഹത്വം?

● ജീവിതത്തിൽ എല്ലാ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നേരിട്ട്, ഏതു സാഹചര്യവും സന്തോഷത്തോടെ നേരിടുന്നതാണ് മഹത്വം.



● നമ്മൾ തെറ്റ് ചെയ്തിട്ടില്ലെങ്കിലും മറ്റുള്ളവരുടെ മനസ്സു നോവാതിരിക്കാൻ സ്വയം മുന്നിട്ടിറങ്ങി മാപ്പ് ചോദിക്കുന്നത് മഹത്വം.

● നമ്മെ മുറിവേൽപ്പിക്കുന്നവർ അതറിഞ്ഞു തന്നെയാണ് ചെയ്യുന്നത്. നമുക്ക് ദോഷം ചെയ്ത എല്ലാവരോടും ക്ഷമിച്ചു മുന്നോട്ടു പോകുന്നത് മഹത്വം.

● തോൽവിയോ വിജയമോ ആകാം നമുക്ക് ലഭിക്കുന്നത് പക്ഷേ അത് വകവയ്ക്കാതെ നമ്മുടെ എല്ലാ കഴിവും വിനിയോഗിച്ചു പണിയെടുക്കുന്നതാണ് മഹത്വം.

● ഭയം നൽകുന്ന സാഹചര്യം ആണെങ്കിലും ആ ഭയം പുറമേ കാട്ടാതെ നമ്മുടെ ചുറ്റുമുള്ളവരെ വിഷമിപ്പിക്കാതെ അവരുടെ വിശ്വാസം ആർജിക്കുന്നതാണ് മഹത്വം

● പ്രതിഫലമായി സ്നേഹം തിരികെ ലഭിച്ചില്ലെങ്കിലും എല്ലാവരോടും ഒരു നിബന്ധനയും ഇല്ലാതെ സ്നേഹം കാട്ടുന്നതാണ് മഹത്വം.

● അറിയാത്ത ആളുകൾക്കും പോലും സഹായം ചെയ്യുന്നതും നമുക്ക് അറിയാത്ത മനുഷ്യരുടെ ജീവിതത്തിൽ നല്ല മാറ്റം വരുത്തുന്നതുമാണ് മഹത്വം. ●

# ആരുടെ മഹത്വമാണ് നാം ഘോഷിക്കേണ്ടത്?

ചില തരം രസം പിടിപ്പിക്കുന്ന ഇനം ഡിബേറ്റുകൾ കാണുന്നവർക്ക് ഒരു കാര്യം മനസ്സിലാകും. എതെങ്കിലും താരതമ്യമുള്ള രണ്ടു വിഷയങ്ങൾ എടുത്തു അതിൽ ഏതാണ് കേമം എന്ന് വാദിക്കുന്നതാണ് ഡിബേറ്റ്. തങ്ങളുടെ വശം ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്ന ഒരു വിഭാഗം മറ്റുള്ളവരുടെ പക്ഷം താഴ്ത്തി കെട്ടാനും മടിക്കില്ല തങ്ങളെ ഉയർത്തി മറ്റുള്ളവരെ താഴ്ത്തിക്കെട്ടി നടത്തുന്ന ഈ വിവാദം അവരുടെ ആരാധകർക്ക് പ്രിയങ്കരമാകും. എന്നാൽ ഇത് ശരിയല്ല.

ഒരു കോട്ട് ചെറുതാകണമെങ്കിൽ അതിനു അപ്പുറം ഒരു വലിയ കോട്ട് തൂക്കിയിടുക എന്നത് ഗണിത പാഠം. എന്നാൽ ഇത് ജീവിതത്തിൽ ശരിയല്ല. മറ്റുള്ളവരെ ചെറുതാക്കി നാം വലുതാകുന്നതിൽ ഒരു അർത്ഥവുമില്ല. അത് പ്രകൃതി നിയമത്തിന് എതിരാണ്. നാം കഴിക്കുന്ന ആഹാരം നല്ലത്,മറ്റുള്ളവർ കഴിക്കുന്ന ആഹാരം ചീത്ത എന്ന് പറഞ്ഞ് ഭക്ഷണത്തെ ആക്ഷേപിക്കുന്നത് ശരിയല്ല. എന്റെ നാടും രാജ്യവുമാണ് മികച്ചത് എന്ന് പറഞ്ഞ് മറ്റു രാജ്യങ്ങളെ താരതമ്യം ചെയ്യുന്നത് ശരിയല്ല.



താരതമ്യം ഒരിടത്തും ശരിയല്ല. മനുഷ്യ ബന്ധങ്ങളിൽ അതിനു ഒരു ന്യായവുമില്ല. എന്നാൽ എന്നെക്കാൾ അവർ എങ്ങനെ മികച്ചതാകും എന്ന് ചോദിച്ച് കലഹിക്കുന്നവർ ഉണ്ട്. എന്റെ ബന്ധം വേണമെങ്കിൽ അവരുടെ ബന്ധം ഒഴിവാക്കണം എന്ന് നിഷ്കർഷിക്കുന്നവരും ഉണ്ട്. ഇതിനാൽ വിവാഹത്തിന് മുമ്പ് ഒരു ജിവിതം വിവാഹത്തിനു ശേഷംമറ്റൊരുജീവിതംഎന്നനിലസംഭവിക്കാറുണ്ട്.

അമ്മയാണോ ഭാര്യയാണോ മുഖ്യം എന്നതാണ് ബന്ധങ്ങളിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന താരതമ്യം. തീരുമാനമില്ലാതെ ഈ വിവാദം നീണ്ടുപോകും. ഒരു മാനേജ്മെന്റ് പഠന സ്ഥാപനത്തിൽ വിവാദത്തിൽ മുന്നിട്ടു നിൽക്കുന്നവരും യുക്തി പൂർണ്ണമായി വാദിക്കുന്നവരും തമ്മിൽ ഒരു ഡിബേറ്റ് നടക്കുകയുണ്ടായി. അമ്മയാണോ ഭാര്യയാണോ മഹത്വമുള്ളവർ എന്നാണ് ചോദ്യം. കോളേജ് കുമാരി കുമാരന്മാർക്കിടയിൽ ഭാര്യയെ പറ്റി പറയാൻ ആർക്കു താൽപ്പര്യം വരും. അമ്മയുടെ മഹത്വം പറയാനാണ് ആളുകൾ മുന്നോട്ടു വന്നത്.

ഓരോ വിഭാഗം മാത്രം മഹത്തരമായി ഇരിക്കുന്നത് കളിയിലും നന്നല്ല, വിവാദത്തിലും നന്നല്ല. അവസാനം അധ്യാപകർ ചിലരെ നിർബന്ധിച്ചു പങ്കെടുപ്പിക്കാൻശ്രമിച്ചു.ഈവിവാദത്തിൽ. 'അമ്മയുടെ മഹിമയെ ഉയർത്തിക്കാട്ടി ഭാര്യയുടെ മികവ് താഴ്ത്തിക്കെട്ടിയാൽ മാത്രമേ ജയിക്കാനാകൂ. തോൽക്കുന്ന പക്ഷത്തു നിന്ന് നമുക്ക് എങ്ങനെ വിവാദം നടത്താനാകും' എന്നവർ ചോദിച്ചു

അധ്യാപകർ തെല്ലു വിഷമത്തോടെ തങ്ങളുടെ വകുപ്പിലെ കുട്ടികളെ നോക്കി

ചോദിച്ചു, 'ഒരു പേരിനായെങ്കിലും വിവാദം നടക്കേണ്ടേ.? ആരും ഇതിനു തയാറായില്ലെങ്കിൽ നന്നാണോ ?' ഇത് കേട്ടപ്പോൾ ഒരു യുവാവ് എണീറ്റ് നിന്ന്. 'ഞാൻ മത്സരിക്കാം. അമ്മയുടെ മഹത്വം എത്ര പേർ വേണമെങ്കിലും പറയട്ടെ. ഞാൻ ഒറ്റയ്ക്ക് അവരെ എതിരിടാൻ തയാർ' എന്ന് പറഞ്ഞു. എല്ലാവരും അവനെ നോക്കി ചിരിച്ചു. അവൻ കൂടെ പഠിക്കുന്നവരോട് പോലും നന്നായി സംസാരിക്കാൻ മടിയുള്ളയാളാണ്. ഇവനാണോ വേദിയിൽ മൈക്കിൽ സംസാരിക്കാൻ പോകുന്നത്?' അവർ പരിഹസിച്ചു . പ്രൊഫസർക്ക് മറ്റു മാർഗമൊന്നുമില്ല അവന്റെ പേര് കൊടുത്തു.

വിവാദ ദിനത്തിൽ അഞ്ചു പേർ തുടർച്ചയായി അമ്മയുടെ അപദാനങ്ങൾ വാഴ്ത്തി. അമ്മ സെന്റിമെന്റ് എല്ലാവരെയും ആകർഷിച്ചു. അമ്മയുടെ ത്യാഗങ്ങൾ അവർ വിവരിച്ചപ്പോൾ എല്ലാവരും കൈയടിച്ചു വാഴ്ത്തി. എല്ലാവരും ഭാര്യമാരുടെ മോശം പ്രവർത്തികളെ പരിഹസിച്ചു. ഭാര്യയുടെ ഗുണങ്ങൾ പോലും ചെറുതാക്കി അവതരിപ്പിച്ചു. പ്രേക്ഷകർ ചിരിച്ചു. അമ്മയാണ് മഹത്വത്തിൽ മുന്നിൽ എന്ന് അധ്യക്ഷൻ സസമ്മതിക്കുമെന്ന നിലയിൽ എത്തി വാദങ്ങൾ.

അവസാന ഊഴം ആ യുവാവിന്റേതായിരുന്നു. എല്ലാവരും അവനെ പരിതാപത്തോടെ നോക്കി. തോൽക്കാൻ കച്ച കെട്ടി വന്നയാളല്ലേ!എന്നാൽ അവൻ തന്നെ അങ്ങനെ കരുതിയില്ല. അവൻ മൈക്കിനു മുന്നിൽ ചെന്ന് 'ഞാൻ ഭാര്യയുടെ മഹിമ പറയാൻ അമ്മയെ ഒരു വാക്ക് കൊണ്ടു പോലും താഴ്ത്തി കെട്ടില്ല' എന്ന് പറഞ്ഞു 'അതിനു ആവശ്യവുമില്ല. ഭാര്യയുടെ മഹത്വം അവതരിപ്പിക്കാൻ അമ്മയുമായി താരതമ്യം ചെയ്യേണ്ടതില്ല.'അതിനു ശേഷം അവൻ ഭാര്യയുടെ മഹത്വം എണ്ണിയെണ്ണി പറഞ്ഞു

❖ 'ലോകത്ത് ആദ്യമായി ഉണ്ടായ ബന്ധം ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധമാണ്. അവരുടെ ബന്ധത്തിൽ നിന്നാണ് അമ്മയടങ്ങിയ ആദ്യ കുടുംബത്തിന്റെ പിറവി.ആ ആദ്യ ഭാര്യ പ്രസവിച്ചതോടെയാണ് അമ്മയായി മാറിയത് മനുഷ്യ കുലം വളർന്നു വലുതാകുന്നതിനു ഭാര്യ ആയ ആ സ്ത്രീയാണ് കാരണം. എല്ലാ ബന്ധ ങ്ങൾക്കും അടിസ്ഥാനം ഭാര്യ- ഭർതൃ ബന്ധമാണ്.'

❖ ഒരു അമ്മ ഭാര്യ എന്ന അന്തസ്സ് നേടിയതിനു ശേഷമാണ് അമ്മയായി മാറുന്നത്. നല്ല അമ്മയായി



മാറുന്നതിന് അവർ ആദ്യം നല്ല ഭാര്യ ആയിരിക്കണം.

❖ ഒരാൾ മരിച്ച ശേഷം അവരുടെ ഫോട്ടോ വച്ച് അവരെ വണങ്ങുന്നു. അപ്പോൾ എല്ലാവരും അവരുടെ ഭാര്യയുടെ ഒപ്പമാണ് വണങ്ങപ്പെടുന്നത്. വേറെ ഒരു ബന്ധുവിനും അവിടെ സ്ഥാനമില്ല.

❖ ഒരു പരിചയവുമില്ലാത്ത ഒരു വ്യക്തിക്ക് ഭാര്യ ആകുന്ന ഒരു സ്ത്രീ തന്റെ കുടുംബവും തന്റെ നാടും വിട്ട് വേറെ എവിടെയോ വന്നു ജീവിക്കുകയാണ്. ആ കുടുംബവുമായി അവർ പൊരുത്തപ്പെടുന്നു. ഇതിനപ്പുറം മറ്റൊരു ത്യാഗമില്ല.

❖ അമ്മയുടെ ത്യാഗത്തെ പറ്റി പറയുന്നവർ അമ്മ ജയിക്കണം എന്ന് കരുതി പറയുന്ന താണ്. അമ്മ എന്നാൽ എന്റെ അമ്മ എന്ന് കരുതരുത്. ഭാര്യ എന്നാൽ എനിക്ക് ഭാവിയിൽ വരാൻ പോകുന്ന ഭാര്യ എന്ന് കരുതരുത്. ഭാര്യ യുടെ ഗുണങ്ങളായി ഞാൻ പറയുന്നത് നിങ്ങളുടെ അച്ഛന്റെ ഭാര്യയെ കുറിച്ചാണ്. ഭാര്യയായും അമ്മയായും ത്യാഗം ചെയ്യുന്നത് ഒരേ സ്ത്രീ തന്നെയാണ്.

ആ വിദ്യാർത്ഥി നടത്തിയ പ്രസംഗം അവസാനിച്ചപ്പോൾ ഉണ്ടായ കര ഘോഷത്തിന് അവസാനമില്ലായിരുന്നു.അവസാനംവിവാദത്തിൽ ജയിച്ചതും അവൻ തന്നെ. ●

# മഹത്വം നിറഞ്ഞ മൂന്നു പേർ

അധ്യാപകൻ, സതീർത്ഥ്യർ, സുഹൃത്തുക്കൾ... നമ്മുടെ ജീവിതത്തെ നന്നായി മുന്നോട്ടു കൊണ്ടു പോകുന്നതിൽ ഈ മൂന്നു പേർക്കും വലിയ പങ്കുണ്ട്. ഈ മൂന്ന് മഹദ് വ്യക്തികളെ കുറിച്ച് ചില സംഭവങ്ങൾ. ..

ഒരു ചടങ്ങിൽ തന്റെ പഴയ അധ്യാപകനെ ഒരു വിദ്യാർത്ഥി കണ്ടുമുട്ടി. 'ഞാൻ താങ്കളുടെ മുൻ ശിഷ്യനാണ്. ഓർക്കുന്നുവോ' എന്ന് ശിഷ്യൻ ചോദിച്ചു. 'അധ്യാപകൻ വിഷമത്തോടെ 'എനിക്ക് ഓർക്കാൻ കഴിയുന്നില്ല' എന്ന് പറഞ്ഞു. 'അതിനാൽ എന്ത്? താങ്കളെ കണ്ടു മുട്ടിയതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. എന്ത് ചെയ്യുന്നു?' അദ്ദേഹം ചോദിച്ചു. 'ഞാൻ ഇപ്പോൾ അധ്യാപകനാണ്' എന്ന് പറഞ്ഞു. 'അധ്യാപകനാകണംഎന്ന്താൽപര്യംഉണ്ടാകാൻ കാരണം ആരാണ്,' അദ്ദേഹം ചോദിച്ചു. 'താങ്കൾ തന്നെയാണ് സാർ' എന്ന് അവൻ പറഞ്ഞു 'എങ്ങനെ' എന്ന് അധ്യാപകൻ ചോദിച്ചു.



'ഞാൻ ഒരു കഥ പറയട്ടെ' എന്ന് പറഞ്ഞ് വിദ്യാർത്ഥി കഥ തുടങ്ങി. 'ഒരു ദിവസം ഒരു കൂട്ടുകാരൻ വില കൂടിയ വാച്ച് അണിഞ്ഞ് ക്ലാസിൽ വന്നു . അത് വേണമെന്ന് ഞാൻ ആഗ്രഹിച്ചു. ആഹാരം കഴിക്കുമ്പോൾ അവൻ അത് ബാഗിൽ വയ്ക്കുമ്പോൾ ഞാൻ അത് മോഷ്ടിച്ചു. അവൻ തിരികെ വന്നു നോക്കുമ്പോൾ വാച്ച് കാണാനില്ല. തുടർന്ന് അവൻ അധ്യാപകനോടു പരാതിപ്പെട്ടു.

അധ്യാപകൻ ഉടനെ ക്ലാസ് മുറി പൂട്ടി. ഞാൻ ആകെ പരിഭ്രമിച്ചു. ആരെങ്കിലും പരിശോധിച്ചാൽ കുടുങ്ങിയത് തന്നെ. അധ്യാപകൻ അപ്പോൾ അവരോട് 'കുട്ടികളെ വരിയായി നിൽക്കുക. എല്ലാവരും കണ്ണടച്ചു നിൽക്കണം.' എന്ന് നിർബന്ധമായി പറഞ്ഞു. അധ്യാപകൻ ക്ലാസിലെ എല്ലാ കുട്ടികളുടെയും ബാഗ് പരിശോധിച്ചു. എന്റെ ബാഗിൽ നിന്ന് വാച്ച് കണ്ടു പിടിച്ചു. എല്ലാ വിദ്യാർത്ഥികളും കണ്ണടച്ചിരുന്നതിനാൽ ആരും ഇത് കണ്ടില്ല. പിന്നിട് അദ്ദേഹം അത് ഉടമക്ക് തിരികെ കൊടുത്തു. എന്നാൽ ഇതേപ്പറ്റി ഒരു വാക്ക് കൂടി അദ്ദേഹം എന്നോടു ചോദിച്ചില്ല വേറെ ആരോടും പരാതിപ്പെടുകയും ചെയ്തില്ല 'ആ അധ്യാപകൻ താങ്കളാണ്. കള്ളൻ എന്ന് വിളിക്കാതെ എന്നോടു ക്ഷമിച്ചു. എന്റെ അഭിമാനത്തെ സംരക്ഷിച്ചു. കുറ്റം ചെയ്തവരോട് ഒരു അധ്യാപകന് ഇങ്ങനെ ക്ഷമിക്കാൻ കഴിയുമോ എന്ന് ഞാൻ അതിശയത്തോടെ ഓർത്തു. ഇത് എന്റെ ജീവിതത്തിലും അനുകരിക്കാൻ ഞാൻ ആഗ്രഹിച്ചു. അങ്ങനെയാണ് അധ്യാപകൻ ആയത്. ഇപ്പോൾ ഓർക്കുന്നുവോ?' അവൻ ചോദിച്ചു.

'ഇപ്പോഴും ഓർക്കുന്നില്ല. തെറ്റ് ചെയ്ത വിദ്യാർത്ഥിയുടെ മുഖം കാണാതിരിക്കാൻ ഞാനും കണ്ണടച്ചാണ് പരിശോധിച്ചത്,' അദ്ദേഹം പറഞ്ഞു.

തന്റെ വിദ്യാർത്ഥിനികൾക്കായി ഒരു അധ്യാപകൻഒരുപരീക്ഷനടത്തി.ഏറ്റവുംകൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിനിക്ക് ഷൂ വാങ്ങി കൊടുക്കുമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. എല്ലാ വിദ്യാർത്ഥിനികളും ആവേശത്തോടെ പരീക്ഷ എഴുതി. ഉത്തരം നോക്കിയപ്പോൾ എല്ലാവരും ശരിയായ ഉത്തരം എഴുതി ഒന്നാമതായിരിക്കുന്നു.

ആർക്കു സമ്മാനം നൽകണം എന്നായി പ്രശ്നം. എല്ലാവരോടും അവരുടെ പേര് ഒരു കടലാസിൽ എഴുതി ഒരു പെട്ടിയിൽ ഇടാൻ പറഞ്ഞു. തുടർന്ന് ആ പെട്ടി കുലുക്കി അതിൽ നിന്ന് ഒരു പേര് എടുത്തു. അതിൽ സുധ എന്ന പേരാണ് എഴുതിയിരുന്നത്. അധ്യാപകന് സന്തോഷമായി. ക്ലാസിൽ വളരെ ദരിദ്രയായ കുട്ടിയാണ് സുധ. ശരിയായ ആൾക്ക് തന്നെ സമ്മാനം കിട്ടി എന്നതിൽ അദ്ദേഹം സന്തോഷിച്ചു.

ക്ലാസ് കഴിഞ്ഞതും സ്റ്റാഫ് റൂമിൽ ചെന്ന അധ്യാപകൻ ഇത് പറഞ്ഞു. അപ്പോൾ എന്തോ സന്ദേഹം വന്നത് കൊണ്ട് അദ്ദേഹം ആ പെട്ടി വീണ്ടും പരിശോധിച്ചു. എല്ലാവരും അവരവരുടെ പേര് എഴുതാതെ സുധ എന്ന് എഴുതിയിരിക്കുന്നു. എല്ലാ പേപ്പറിലും ഒരേ പേർ. സുധ. കുട്ടികളുടെ ആ നല്ല മനസ്സ് കണ്ട് അദ്ദേഹം സന്തോഷം കൊണ്ട് കരഞ്ഞു പോയി.

തന്റെ സുഹൃത്തിന്റെ വീട്ടിൽ വിരുന്നിനു പോയതാണ് രമേഷ്. സ്കൂളിൽ പഠിക്കുന്ന കുട്ടിയും കൂടെയുണ്ട്. വിരുന്നിനു മുമ്പ് സൂപ്പ് നൽകി. അപ്പോൾ ഒരു കോപ്പ താഴെ വീണ് അലങ്കോലമായി.

ശബ്ദം കേട്ട് അകത്തു നിന്നും സുഹൃത്ത് വന്നു. ഉടഞ്ഞ കോപ്പ നോക്കി ഇത് ചൈനയിൽ നിന്ന് താൻ വാങ്ങിയതാണെന്ന് പറഞ്ഞു. 'ഇത് എങ്ങനെ ഉടഞ്ഞു?' എന്ന് വിഷമത്തോടെ ചോദിച്ചു. 'എന്റെ കൈ തെറ്റി താഴെ വീണതാണ്' എന്ന് രമേഷ് പറഞ്ഞു. 'സാരമില്ല' എന്ന് സുഹൃത്ത് പറഞ്ഞു

വീട്ടിൽ വന്നപ്പോൾ മകൻ ചോദിച്ചു, 'ആ കോപ്പയിൽ അച്ഛന്റെ കൈ മുട്ടിയില്ലല്ലോ. പിന്നെന്തിനാണ് അങ്ങനെ പറഞ്ഞത്?'

'അത് സത്യമാണ്. ആ കോപ്പ കൊണ്ടു വന്നു വച്ചത് സുഹൃത്തിന്റെ മകനാണ്. അത് ശരിയായി വയ്ക്കാത്തത് കൊണ്ടാണ് താഴെ വീണത്. ഈ സത്യം പറഞ്ഞാൽ സുഹൃത്ത് മകനോട് കോപിക്കും. അതിനു ശേഷം മകന് എന്നോടുള്ള ഇഷ്ടം പോകും. ഞങ്ങളുടെ സ്നേഹത്തിൽ വിള്ളൽ ഉണ്ടാകും. ബന്ധങ്ങൾ സംരക്ഷിക്കുന്നതിന് ഇങ്ങനെ ചെറിയ ചെറിയ കള്ളങ്ങൾ പറയേണ്ടി വരും. ബന്ധങ്ങളെ മതിക്കണം. അതാണ് മഹത്വം,' അദ്ദേഹം പറഞ്ഞു. ●

RAMRAJ

# വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 7 ലക്കം 9

മേയ് 2025

ഓണററി എഡിറ്റർ

**കെ ആർ നാഗരാജൻ**

പത്രാധിപർ

**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ

**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ

**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ പ്രൈവറ്റ് ലിമിറ്റഡ്
A2 ഗ്രൗണ്ട് ഫ്ലോർ, നം.110 ട്രിനിറ്റി
കോംപ്ലക്സ്, 4th അവന്യൂ, അശോക്
നഗർ, ചെന്നൈ - 600 083
മൊബൈൽ - 9952920801



ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.



Published by
K.R. NAGARAJAN,
Published from
10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net


# മഹത്വം ചാലക ശക്തി

പേരും പ്രശസ്തിയും എല്ലാവരുടെയും സ്വപ്നമാണ്. എന്നാൽ അതിനനുസരിച്ച് മഹത്വം ഉള്ളവരുടെ സംഖ്യ പരിമിതവും. കാരണം മഹത്വത്തിലേക്ക് എത്തുക കഠിനമായ പാതയാണ്. നിങ്ങളുടെ വാക്കും നോക്കും പ്രവർത്തിയും സൃഷ്ടിപരമായ പ്രവർത്തനം ആകുമ്പോഴേ മഹത്വം ഉണ്ടാകൂ. എങ്കിലും എത്രയോ സാധാരണക്കാർ ആ പട്ടികയിൽ വരുന്നു. പേരും പ്രശസ്തിയും കൊതിക്കാത്ത ഉന്നത വ്യക്തിത്വങ്ങൾ അതിൽ മുൻപന്തിയിൽ നിൽക്കുന്നു. എന്തിന് സ്വജീവിതം തന്നെ മാതൃകാപരമായ ഒരു പാതയായി തെരഞ്ഞെടുത്ത എത്രപേർ അതിൽ ഉൾപ്പെടുന്നു. പരസ്യമായി ആദരിക്കപ്പെടണമെന്നില്ല, വലിയ കൃത്യങ്ങൾ കൊണ്ട് പേര് എടുക്കണമെന്നില്ല, നിങ്ങൾ സ്വയം ഒരു പ്രകാശ ദീപം ആയാൽ, നിങ്ങൾ മഹത്വത്തിന്റെ അദൃശ്യമായ പ്രഭാ വലയം നേടുന്നു.

പാരമ്പര്യം കൊണ്ടും പദവി കൊണ്ടും പ്രശസ്തിയും പ്രാധാന്യവും നേടുന്നവരുണ്ട്. സ്വന്തം കർമ്മ പഥത്തിലെ പ്രവർത്തനം കൊണ്ട് ഉയരങ്ങളിൽ എത്തുന്നവരുമുണ്ട്. തീർച്ചയായും എന്തെങ്കിലും മഹിമ അവർക്കുണ്ട്. എങ്കിലും സ്വന്തം പ്രവർത്തി കൊണ്ട് അന്യജീവനുതകുന്ന വ്യക്തികളും ധന്യമായ പ്രവർത്തികൾ ചെയ്യുന്നവരുമാണ് മഹത്വത്തിന് അവകാശികൾ.

യശസ്സിനു വേണ്ടിയുള്ള നിരന്തരമായ ചെയ്തികളല്ല മഹത്വം. പ്രശസ്തിയുടെ ദൗർബല്യം ചിലരെ ബാധിച്ചേക്കാമെങ്കിലും. നമ്മുടെ കർമ്മപഥത്തിൽ തല കുനിക്കാതെ മറ്റുള്ളവരെ മാനിച്ച് മുന്നോട്ടു പോകുന്നവരാണ് യഥാർത്ഥ മഹദ് വ്യക്തിത്വങ്ങൾ. കഷ്ടപ്പാടുകൾക്കിടയിൽ കുടുംബം മുന്നോട്ടു നയിക്കുന്ന മാതപിതാക്കളാകാം അവർ. കർഷകനാകാം ഒരു വിദഗ്ധ തൊഴിലാളിയാകാം.

യഥാർത്ഥത്തിൽ നമ്മളെ പോലെയുള്ള സാധാരണക്കാരാണ് മഹത്വത്തിന്റെ അവകാശികൾ. ചോര നീരാക്കി പണിയെടുക്കുന്നവർ, ജീവിതത്തിൽ മറ്റുള്ളവർക്കായി കഷ്ടപ്പെടുന്നവർ, ഒരു ലക്ഷ്യത്തിനായി പാടുപെട്ട് മുന്നിട്ട് ഇറങ്ങുന്നവർ. ചിലർക്ക് പാരമ്പര്യം തുണയാകുന്നു, ചിലർക്ക് പണവും പദവിയും കൂടുതൽ സാധ്യത നൽകുന്നു. പക്ഷേ നമുടെ കാഴ്ചപ്പാടിന്റെ യഥാർത്ഥ പ്രതിഫലനമാണ് നമ്മുടെ പ്രവർത്തികൾ. അവ നമ്മെ മഹത്വത്തിലേക്ക് നയിക്കുന്നു. ●


The Brand Trust Report - India Study 2021
Power of Trust
India's Most Trusted Dhotis Brands
RAMRAJ ©
LITTLE STARS ®
KIDS DHOTIS • SHIRTS • KURTA
Available at Ramraj Showrooms & All leading Textile Shops | Shop Online at www.ramrajcotton.in


Culture India™
TRADITIONAL KURTA • DHOTIS
BY
RAMRAJ ©
Rooted in Culture. Defined by Style.
Experience the seamless blend of heritage and contemporary style with Ramraj's Kurta and Dhoti/Pyjama collection.
The Brand Trust Report - India Study 2021
Power of Trust
India's Most Trusted Dhotis Brands
Available at Ramraj Showrooms & All leading Textile Shops | Shop Online at www.ramrajcotton.in


RAMRAJ
CULTURE CLUB®
MATCHING DHOTIS ● SHIRTS
An Effortless Flair, Perfectly Aligned.


RAMRAJ ©
COTTON
DHOTIS • SHIRTS
Pride in Every Thread.
Experience the timeless elegance of Ramraj White Shirts & Dhotis, where tradition meets effortless style. Woven from the finest fabrics for unmatched comfort reflecting the pride of heritage with a modern flair. Wear it with confidence. Wear it with pride.
Available at Ramraj Showrooms & All leading Textile Shops | Shop Online at www.ramrajcotton.in

നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

**ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ**
**രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ**

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

**വെണ്മ**
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.
ഫോൺ:
0421-4304106, 98422 74137

## ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം.)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**



# പൊങ്ങച്ചം പറയുന്നത് തെറ്റ്

രവിക്ക് അമേരിക്കയിലെ ഹാർവാർഡ് സർവകലാശാലയിൽ പഠിക്കാൻ അവസരം ലഭിച്ചു. അവന്റെ അമ്മയ്ക്ക് അതിരറ്റ സന്തോഷം. അടുത്ത വീട്ടിലെ സ്ത്രീ വിശേഷങ്ങൾ ചോദിച്ചെത്തുന്നു. അവർക്ക് കോഫി നൽകിയ ശേഷം. 'രവി കഷ്ടപ്പെട്ട് പഠിച്ചതിന് ഫലം ലഭിച്ചു. അവന് സ്കോളർഷിപ്പും ലഭിക്കും. അതു കൊണ്ട് എനിക്ക് ചെലവും ഇല്ല. ഇത് ലോകത്തിലെ അപൂർവമായ വിഷയം. ആയതിനാൽ, അവിടെത്തന്നെ അവന് ജോലിയും ലഭിക്കും' എന്ന് പറഞ്ഞു രവിയുടെ അമ്മ.

ഇതു വരെ അവർ സംസാരിച്ചത് അഭിമാനം. തുടർന്ന്, 'രവിക്ക് ലഭിച്ച ഈ അവസരം ഒരിക്കലും നിങ്ങളുടെ മകന് ലഭിക്കില്ല. അതിനെല്ലാം പ്രത്യേക കഴിവ് വേണം' എന്ന് പറഞ്ഞാൽ അത് പൊങ്ങച്ചം.

അഭിമാനത്തിനും പൊങ്ങച്ചത്തിനും നൂലിഴയേ വ്യത്യാസമുള്ളൂ. ആ അതിർവരമ്പ് കടക്കുന്ന പലരും, ഗർവോടെ അത് വെളിപ്പെടുത്തുകയും ചെയ്യും. പൊങ്ങച്ചത്തിന്റെ കൊടുമുടിയിൽ ആ ഗർവും കൈകോർക്കും.

ഒരു സ്കൂൾ വിദ്യാർത്ഥി, കായിക മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച സമ്മാനങ്ങൾ വീട്ടിലേക്ക് കൊണ്ടു പോയി അമ്മയ്ക്ക് സന്തോഷത്തോടെ കാണിക്കുന്നു. തന്റെ കളിക്കൂട്ടുകാരിയായ അയൽവീട്ടിലെ പെൺകുട്ടിയേയും അത് കാണിച്ചു സന്തോഷിക്കുന്നു. തന്റെ അഭിമാനം അവർക്ക് പകർന്നു നൽകുന്ന കാഴ്ചകളാണ് ഇവ.

മറ്റൊരു കുട്ടി സ്കൂളിൽ വരുന്നു. 'എന്റെ അച്ഛന് ദുബായിൽ ഒരു ലോട്ടറിയിൽ ഒരു കോടി സമ്മാനം ലഭിച്ചു' എന്ന് പറയുന്നു. 'ഞങ്ങൾ പുതിയ കാർ വാങ്ങും, പുതിയ വീട് വാങ്ങും, ആ വീട്ടിൽ ഒരു മുറിയെ നിറയെ എനിക്ക് കളിപ്പാട്ടങ്ങൾ വാങ്ങി നൽകും. ഞങ്ങളുടെ ജീവിതം തന്നെ മാറിമറിയും' എന്ന് അവൻ അക്കമിട്ട് പറയുന്നത് പൊങ്ങച്ചം.

എന്ത് സംസാരിക്കുന്നു എന്നതു പോലെ തന്നെ, ആരോട് സംസാരിക്കുന്നു എന്നതും പ്രധാനം. മൂന്ന് സ്ഥാപനങ്ങളിൽ തുടർച്ചയായി ഇന്റർവ്യൂവിന് പോയി നിരസിക്കപ്പെട്ട ഒരു സുഹൃത്തിനോട് ചെന്ന്, 'എനിക്ക് ജർമ്മനിയിൽ ജോലി ലഭിച്ചു. മാസം അഞ്ച് ലക്ഷം രൂപ ശമ്പളം. ആർക്കും ലഭിക്കാത്ത അവസരം ഇത്. നിരവധി പേർ ഇന്റർവ്യൂവിൽ തോറ്റുപോയി' എന്ന് പൊങ്ങച്ചം പറയുന്നത് നല്ലതല്ല. അടുത്ത മാസത്തെ വീട്ടു വാടകയ്ക്കു പോലും കഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഒരാളോട്, 'എനിക്ക് ബിസിനസിൽ അപ്രതീക്ഷിതമായി ജാക്ക്പോട്ട് അടിച്ചു. കഴിഞ്ഞ മാസം കുറഞ്ഞ വിലയ്ക്ക് വാങ്ങി വച്ച പലവ്യഞ്ജനങ്ങൾക്ക് പെട്ടെന്ന് വിലക്കൂടിയതിനാൽ, ഈ മാസം രണ്ട് ലക്ഷം രൂപ ലാഭം കിട്ടി. അൽപം കൂടി വില ഉയർന്നിരുന്നെങ്കിൽ, മൂന്നു ലക്ഷം കൈയിൽ വന്നേനെ' എന്ന് സംസാരിക്കുന്നത് സംസ്കാരമല്ല.

തങ്ങളുടെ സാധനകളും വിജയങ്ങളും ഒരാൾ അഭിമാനത്തോടെ പറയുന്നതിൽ തെറ്റില്ല. അത് ഏത് സന്ദർഭത്തിൽ, ആരോട്, ഏത് വാക്കുകൾ ഉപയോഗിച്ച് വെളിപ്പെടുത്തുന്നു എന്നതെല്ലാം പ്രധാനമാണ്. ധാരാളം പേർക്ക് ഇവിടെയാണ് കാലിടറുന്നത്.

പൊങ്ങച്ചം പറയുന്നവർ എന്തിനു വേണ്ടി അങ്ങനെ സംസാരിക്കുന്നു. ചില കാരണങ്ങൾ നിരത്തുന്നു മനശ്ശാസ്ത്രജ്ഞർ.

❖ പൊങ്ങച്ചം പറയുന്നവർക്ക് അടിമനസ്സിൽ


ഒരു അരക്ഷിതബോധം ഉണ്ടായിരിക്കും. അത് മറയ്ക്കാനാണ് അഹങ്കാരത്തിന്റെ മുഖംമൂടി അണിയുന്നത്. അതിലൂടെ തങ്ങൾക്ക് ആത്മ വിശ്വാസം ലഭിക്കുന്നതായി അവർ ചിന്തിക്കുന്നു. പക്ഷേ പൊങ്ങച്ചം പറഞ്ഞ് അവർ മറ്റുള്ളവരുടെ മനസ്സിൽ അരക്ഷിതബോധം വിതയ്ക്കുകയാണ്.

❖ എല്ലാവരും തങ്ങളെ കണ്ട് ആശ്ചര്യപ്പെടണം, എല്ലാവരും ഇഷ്ടപ്പെടണം എന്ന ചിന്തയോടെയാണ് പലരും പൊങ്ങച്ചം പറയുന്നത്. പക്ഷേ അത് രണ്ടും അവർക്ക് ലഭിക്കില്ല എന്നതാണ് സത്യം.

❖ ധാരാളം പേർക്ക് തങ്ങൾ പറയുന്നത് പൊങ്ങച്ചമാണെന്ന് അറിയില്ല. 'നമുക്ക് സംഭവിച്ച നല്ല കാര്യങ്ങൾ സുഹൃത്തുക്കളോടും ബന്ധുക്കളോടും പറയുന്നതിൽ എന്താണ് തെറ്റ്' എന്ന് ചിന്തിച്ചാണ് സംസാരിക്കുന്നത്. പക്ഷേ, പറയുന്ന രീതിയിൽ അത് അഹങ്കാരമായി മാറും.

❖ മറ്റുള്ളവരോട് സംസാരിക്കുമ്പോൾ എന്തൊക്കെയാണ് സംസാരിക്കേണ്ടതെന്ന് പലർക്കും അറിയില്ല. കുശലാന്വേഷണങ്ങൾക്കു ശേഷം എന്ത് സംസാരിക്കണം എന്ന് അറിയാത്ത സന്ദർഭത്തിൽ, തങ്ങളെക്കുറിച്ച് പൊങ്ങച്ചം പറയാൻ തുടങ്ങും.

❖ പൊങ്ങച്ചം പറയുന്നവർക്ക്, സമൂഹബോധം കുറവായിരിക്കും. പുതിയ മനുഷ്യരോട് സംസാരിക്കുന്നത്, പൊതു ഇടങ്ങളിലെ പെരുമാറ്റം ഇവയൊന്നും ഇവർക്ക് അറിയില്ല. സമൂഹത്തിൽ മറ്റുള്ളവരോട്



പെരുമാറേണ്ടത് അറിയാവത്തവർ ഇങ്ങനെ എന്തെങ്കിലും വിളിച്ചു പറയും.

❖ ഏത് കാര്യവും മറ്റുള്ളവരുടെ കണ്ണിലൂടെ കാണുന്ന മനുഷ്യർ കരുണ ഉള്ളവരായിരിക്കും. 'ഇത് ഞാൻ പറഞ്ഞാൽ, കേൾക്കുന്നവർ എന്തു ചിന്തിക്കും' എന്ന കരുതൽ അവർക്ക് ഓരോ ചുറ്റുപാടിലും ഉണ്ടായിരിക്കും. പൊങ്ങച്ചം പറയുന്നവർക്ക് ഈ ചിന്ത ഉണ്ടായിരിക്കില്ല.

❖ പൊങ്ങച്ചം പറയുന്ന പലർക്കും, 'നാം മറ്റെല്ലാവരേയുംകാൾ ഉയർന്നവർ' എന്ന് മതിപ്പ് ഉണ്ടായിരിക്കും. 'ഇവർക്കൊന്നും നമ്മോട് ഒപ്പമിരുന്ന് സംസാരിക്കാൻ പോലും അർഹതയില്ല' എന്ന ചിന്ത ഉണ്ടാകുന്ന സാധാരണ ഇടങ്ങളിൽ അവർ അഹങ്കാരം സംസാരിക്കും.

❖ പൊങ്ങച്ചം പറയുന്ന ചിലർക്ക് അപകർഷതാബോധം ഉണ്ടായിരിക്കും. അത് മറയ്ക്കാൻ തങ്ങളെക്കുറിച്ച് പൊങ്ങച്ചം സംസാരിക്കും. മറ്റുള്ളവരിൽ അപകർഷതാ ബോധം ഉണ്ടാക്കി, തങ്ങളെ ഉയർത്തിക്കൊള്ളാനും ഇത് അവർ ചെയ്യും.

❖ ചിലർക്ക് ഏത് സ്ഥലത്തും ശ്രദ്ധ തങ്ങളിൽ ആയിരിക്കണം എന്ന ചിന്ത ഉണ്ടായിരിക്കും. ഒരു വിവാഹത്തിൽ പങ്കെടുക്കാൻ പോയാൽ പോലും, വധൂവരന്മാരേക്കാൾ ശ്രദ്ധ നേടാൻ ശ്രമിക്കും. ആർക്കെങ്കിലും ആദരാഞ്ജലി അർപ്പിക്കാൻ പോയാലും, സ്വയം പുകഴ്ത്തിക്കൊണ്ടിരിക്കും. ഇത്തരത്തിൽ ശ്രദ്ധ നേടാൻ ചിന്തിക്കുന്നതാണ് അഹങ്കാരത്തിന്റെ ഉച്ചഘട്ടം.

പൊങ്ങച്ചം ബന്ധങ്ങളെ ഛിന്നഭിന്നമാക്കുന്ന ഒരു ദുശ്ശീലമാണ്. ആരെങ്കിലും നിങ്ങളോട് പൊങ്ങച്ചം പറയാൻ മുതിർന്നാൽ, അവരോട് മറ്റെന്തെങ്കിലും സംസാരിച്ച് വിഷയം മാറ്റണം. അവർ സംസാരിക്കുന്നത് കേൾക്കാൻ താൽപര്യമില്ലാത്തതു പോലെ ഇരിക്കണം. ഇടയ്ക്ക് നിങ്ങളെക്കുറിച്ച് പൊങ്ങച്ചം പറയുമ്പോൾ, 'വെറുതേ പൊങ്ങച്ചം പറയല്ലേ' എന്ന് പറഞ്ഞ് തിരുത്തണം. അല്ലെങ്കിൽ, ഏതെങ്കിലും ഒരു പ്രമുഖനെക്കുറിച്ച് പറഞ്ഞ്, 'അദ്ദേഹം നല്ല മനുഷ്യൻ, പക്ഷേ പൊങ്ങച്ചമേ പറയൂ' എന്ന് പറയണം. ഇതിലൊന്നും ഫലം കണ്ടില്ലെങ്കിൽ, അത്തരത്തിലുള്ളവരിൽ നിന്ന് അകലം പാലിക്കണം. ●

# ഇതിനെല്ലാം അഭിമാനിക്കണം



● നിങ്ങളുടെ ജോലി, കുടുംബം, സൗകര്യങ്ങൾ, വഹിക്കുന്ന പദവികൾ എന്നിവയുടെയെല്ലാം സങ്കലനമാണ് നിങ്ങൾ. അത്തരത്തിൽപെട്ട നിങ്ങളെക്കുറിച്ച് ചിന്തിച്ച് അഭിമാനിക്കണം.

● നിങ്ങളുടെ പക്കലുള്ള കഴിവുകൾക്ക് അഭിമാനിക്കണം. അവ എത്ര പേർക്ക് പ്രയോജനപ്പെടുന്നു എന്ന് ഓർത്തും അഭിമാനിക്കണം.

● പൂർണ ആത്മവിശ്വാസത്തോടെ എപ്രകാരം നിങ്ങൾ ജോലികൾ ചെയ്യുന്നു എന്നത് ഓർത്ത് അഭിമാനിക്കണം.

● എത്തരത്തിലുള്ള വെല്ലുവിളികളെല്ലാം നിങ്ങൾ കടന്നു വന്നിരിക്കുന്നു എന്നത് ഓർത്ത് അഭിമാനിക്കണം. ആ യാത്രയിൽ പഠിച്ച പാഠങ്ങളെ ഓർത്തും അഭിമാനിക്കണം.

● തെറ്റ് ചെയ്യുമ്പോൾ അത് സമ്മതിക്കാനുള്ള ധൈര്യം ഉള്ളതിൽ അഭിമാനിക്കണം. ശരിയായി ചെയ്യുമ്പോൾ അതേക്കുറിച്ച് പൊങ്ങച്ചം പറയാതെ അടക്കത്തോടെ ഇരിക്കുന്നതിലും അഭിമാനിക്കണം.

● ഒരു പ്രവൃത്തി തെറ്റായി ചെയ്താൽ, അതിൽ ഉടനടി നിങ്ങളോട് ക്ഷമിക്കുന്നത്, ആ പ്രവൃത്തി വീണ്ടും ശരിയായി ചെയ്യാൻ പ്രേരിപ്പിക്കും. മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുന്നത്, നമുക്ക് മനസ്സമാധാനം നൽകും. ഈ രണ്ട് ഗുണങ്ങളും ഉണ്ടെങ്കിൽ അഭിമാനിക്കണം.

● ആശയക്കുഴപ്പത്തിലിരിക്കുമ്പോഴും നിങ്ങൾക്ക് മനശ്ചാഞ്ചല്യമില്ലാതെ പ്രവർത്തിക്കാൻ കഴിഞ്ഞാൽ, അഭിമാനിക്കണം. ഭയം ഉണ്ടാക്കുന്ന നിമിഷങ്ങളിൽ ധൈര്യസമേതം അധ്വാനിക്കാൻ കഴിഞ്ഞാൽ അഭിമാനിക്കണം.

● ഏത് ചുറ്റുപാടിലും പുതു പരിശ്രമങ്ങളിൽ താൽപര്യം നിങ്ങൾക്ക് ഉണ്ടെങ്കിൽ, തുറന്ന മനസ്സോടെ എന്തും വരവേൽക്കുന്ന ഗുണം നിങ്ങൾക്ക് ഉണ്ടെന്ന് അർത്ഥം. ഈ ഗുണങ്ങളിൽ അഭിമാനിക്കാം.

● ഒരാൾ തനിക്ക് ഇഷ്ടമില്ലാത്ത ജോലി ചെയ്യുകയാണെങ്കിലും, തന്റെ കുടുംബത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞ് അത് പൂർണ മനസ്സോടെ ചെയ്യും. അതേ സമയം തന്റെ സ്വപ്നമായ മറ്റൊരു ജോലി അന്വേഷിക്കുകയും ചെയ്യും. ഇത്തരത്തിലുള്ള അധ്വാനിയാണ് നിങ്ങളെങ്കിൽ, അഭിമാനിക്കണം.

● നിങ്ങൾക്ക് ചെയ്യാൻ കഴിയാത്ത, ചെയ്താലും വലിയ നേട്ടം നൽകാത്ത ജോലികൾ മടിക്കാതെ നിരാകരിക്കാം. നല്ല നേട്ടം നൽകുന്ന ജോലികൾ താൽപര്യത്തോടെ ഏറ്റെടുക്കാം. ഈ ഗുണം നിങ്ങൾക്ക് ഉണ്ടെങ്കിൽ അഭിമാനിക്കാം.

● ഏതു പ്രായത്തിലും എത്തരത്തിലുള്ള ജോലികൾക്കിടയിലും പുതിയതായി എന്തെങ്കിലും പഠിച്ച് നിങ്ങളെ മെച്ചപ്പെടുത്തുന്ന ഗുണം നിങ്ങൾക്ക് ഉണ്ടോ? അത് നിങ്ങൾക്ക് അഭിമാനം നൽകുന്ന ഗുണം തന്നെ.

● നിങ്ങളെയും സ്നേഹിച്ച്, കുടുംബാംഗങ്ങളോടും ബന്ധുക്കളോടും സുഹൃത്തുക്കളോടുമെല്ലാംസ്നേഹംകാണിക്കുന്നവരാണോ നിങ്ങൾ? പരിചയമില്ലാത്തവരോടും സ്നേഹം കാണിക്കാൻ നിങ്ങൾക്ക് കഴിയുമോ? ഓർത്തോർത്ത് അഭിമാനിക്കേണ്ട ഗുണം ഇത്. ●

# നിങ്ങളുടെ ആകാരത്തിൽ അഭിമാനിക്കണം

പലരെയും പിന്നോട്ടടിക്കുന്നത് അവരുടെ ആകാരത്തെക്കുറിച്ചുള്ള അപകർഷതാബോധമാണ്. അത് കശക്കിയെറിഞ്ഞ് ആത്മവിശ്വാസം നേടുന്നതാണ്, മനസ്സമാധാനത്തിനുള്ള ആദ്യ പടി. അതിന് എന്ത് ചെയ്യണം?

- 'ഇതാണ് ഭംഗി' എന്ന് സിനിമയിലും ടെലിവിഷനിലും ചില ഉദാഹരണങ്ങൾ കാണിക്കും. അത് അവഗണിക്കണം. വളരെയധികം മേക്കപ്പിട്ട്, ഷൂട്ടിംഗ് ചെയ്ത രംഗങ്ങളിലും സാങ്കേതികവിദ്യയുടെ സഹായത്തോടെ തിരുത്തലുകൾ വരുത്തി രൂപപ്പെടുത്തിയ ഭംഗിയാണ് അത്. അതുമായി നിങ്ങളെ താരതമ്യം ചെയ്യരുത്. എല്ലാ ആകാരങ്ങളും ഭംഗി തന്നെ.

- 'എന്റെ ആകാരത്തിൽ ഇതൊന്നും ഇല്ല' എന്ന് നെഗറ്റീവ് ആയി ചിന്തിച്ച് ദുഃഖിക്കരുത്. അതിനു വേണ്ടി ആത്മവിമർശനവും അരുത്. 'എന്റെ ശരീരത്തിൽ ഇവയെല്ലാം കൃത്യമായാണ് ഉള്ളത്. ഈ ആകാരം എന്നെ ഇങ്ങനെയല്ലാം സഹായിക്കുന്നുണ്ട്' എന്ന് പോസിറ്റീവ് ആയി ചിന്തിക്കണം. അതിന് നന്ദിയും പറയണം.

- 'കറുപ്പായിരിക്കുന്നു,' 'തല മുടി വഴങ്ങില്ല' എന്നെല്ലാം ആകാരത്തെക്കുറിച്ച് മുൻധാരണയോടെ നിങ്ങളെ സമീപിക്കരുത്. കണ്ണാടിയിൽ കാണുന്ന നിങ്ങളുടെ ആകാരം ശ്രദ്ധിച്ച്, 'ഈ രൂപമാണ് എനിക്ക് എല്ലാ പ്രവർത്തികളും വിജയകരമായി ചെയ്ത് പൂർത്തിയാക്കാനുള്ള ആവേശം നൽകുന്നത്' എന്ന് പോസിറ്റീവ് ആയി പറയണം.

- ആകാരം, ശരീരഭാഷ, പുഞ്ചിരി, നടത്തം എന്നിങ്ങനെ നിങ്ങളുടെ സ്വാഭാവികതയെക്കുറിച്ച് അടുപ്പമുള്ളവർ പറയുന്ന ഉപചാര വാക്കുകൾ മനസ്സിൽ കരുതണം. അടിക്കടി അവ ഓർമ്മ പ്പെടുത്തണം. നെഗറ്റീവ് ആയി ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ, അത് ആ നിമിഷം മറക്കണം.

- നിങ്ങളെ സ്നേഹിക്കുന്ന പ്രഥമ മനുഷ്യൻ നിങ്ങളായിരിക്കണം. 'കൊന്നപോലെവളർന്നല്ലോ' എന്ന് പറയുന്നവരെ അവഗണിച്ച്, 'ഈ ഉയരമാണ് എന്നെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമാക്കുന്നത്' എന്ന് പോസിറ്റീവ് ആയി ചിന്തിക്കണം.

- മാനസിക വിഷമം ഉണ്ടാകുമ്പോൾ, നിങ്ങളെ സ്നേഹിക്കുന്നവരുടെ സഹായം തേടണം. കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിങ്ങനെ എല്ലാവരും പോസിറ്റീവ് ആയി നിങ്ങളെ ഉയർത്തും.

- ശാരീരിക രൂപം പോലെ, വസ്ത്രങ്ങളും നിങ്ങളുടെ ആകാരം നിർണയിക്കും. അനുയോജ്യമായ വസ്ത്രങ്ങൾ ധരിക്കണം. പാദരക്ഷ പോലും ഒരാളുടെ ഗാംഭീര്യം തീരുമാനിക്കും.

- നിങ്ങളുടെ ആകാരം ഭംഗിയോടെ സൂക്ഷിക്കാൻ ഭക്ഷണവും വ്യായാമവും സുപ്രധാന പങ്ക് വഹിക്കുന്നു. സമീകൃത ആഹാരം ശീലമാക്കണം. ഏതെങ്കിലും വ്യായാമം മറക്കാതെ ദിവസവും ചെയ്യണം.

- ശരീരഭാരം എത്രയാണെന്ന് ഇടയ്ക്കിടെ നോക്കുന്നത് ടെൻഷൻ നൽകും. ഭാരം നോക്കുന്ന ആ ഉപകരണം മാറ്റിവയ്ക്കണം. ശരീരഭാരത്തിൽ എന്തെങ്കിലും മോശമായ മാറ്റം സംഭവിക്കുകയാണെങ്കിൽ, നിങ്ങൾക്ക് അത് അറിയാൻ കഴിയും.

- എപ്പോഴും പുഞ്ചിരിക്കണം. ചിരിച്ച മുഖം, ആകാരത്തിന് എപ്പോഴും ഭംഗി നൽകും.





## ശ്രദ്ധയോടെ നോക്കണം

ഡ്രൈവിംഗ് ക്ലാസിൽ ബസ് ഓടിച്ചു പഠിക്കാൻ പുതിയ ചിലർ എത്തി. അവരെ പരിശീലിപ്പിക്കാൻ മുതിർന്ന ഒരു പരിശീലകനും. 'എന്നെപ്പോലെ പരിശീലിപ്പിക്കുന്നവർ ഈ ജില്ലയിലേ ഇല്ല. ഞാൻ പഠിപ്പിച്ച ആരും ഒരു ആക്സിഡന്റ് പോലും വരുത്തിയിട്ടില്ല' എന്നെല്ലാം തന്നെ പുകഴ്ത്തി പറഞ്ഞ ശേഷം അദ്ദേഹം കാര്യത്തിലേക്ക് കടന്നു.

'എന്തും ശ്രദ്ധയോടെ നോക്കി ഞാൻ പഠിപ്പിക്കും. ഡ്രൈവർക്ക് അത് വളരെ പ്രധാനം' എന്ന് വീണ്ടും തന്നെ പുകഴ്ത്തിയ അദ്ദേഹം, ഡ്രൈവർ സീറ്റിൽ ഇരുന്ന് ഓരോന്നും വിശദീകരിച്ചു. അപ്പോൾ ഉള്ളിലെത്തിയ സൂപ്പർവൈസർ, 'എല്ലാം ശ്രദ്ധിക്കുന്നുണ്ട്. പക്ഷേ, ഇത് നിങ്ങളുടെ ബസ് ആണോ എന്ന് നോക്കരുതോ? നിങ്ങൾ ഡ്രൈവിംഗ് പഠിപ്പിക്കേണ്ട ബസ് അപ്പുറത്ത് ഉള്ളതാണ്, അങ്ങോട്ട് പോകൂ' എന്ന് പറഞ്ഞു. സ്വയം പുകഴ്ത്തി സംസാരിച്ച ആ പരിശീലകൻ തലകുനിച്ച് ഇറങ്ങിപ്പോയി.



## അഭിമാനം നൽകുന്ന ആസക്തി

ജനനം മുതൽ മരണം വരെ ഏതിലെങ്കിലും അഭിമാനിക്കുന്നവരാണ്. ഈ അഭിമാനത്തിൽ ഏതോ ഒരു ആസക്തി ഉണ്ട്. ചിലർക്ക് തങ്ങളുടെ വർഗം, ചിലർക്ക് കുടുംബം, ചിലർക്ക് നാട് എന്നിങ്ങനെയുള്ള അഭിമാന ചിന്ത രക്തത്തിൽ ഊറിക്കിടക്കുന്നു.

പൊങ്ങച്ചം പറയുന്ന ഒരാൾ, അവിടെ നിർത്താതെ മറ്റുള്ളവരേയും അതിലേക്ക് വലിച്ചിഴയ്ക്കും. ഇത് പല ഇടങ്ങളിലും കാണാൻ കഴിയും. അസൂയ, അഭിമാനം എന്നിവ രണ്ടു വാക്കുകളാണ്. ഓരോ തവണയും അഭിമാനം കൊള്ളുമ്പോൾ അസൂയ കൊള്ളുന്ന ഒരു ശത്രുവിനെയും കൂടെ സമ്പാദിക്കും. നമ്മുടെ മുന്നേറ്റം ചിലർക്ക് അസൂയ നൽകുന്നത് സ്വാഭാവികം. പക്ഷേ അത് നമ്മൾ തന്നെ ഉണ്ടാക്കിയെടുക്കരുത്.

സത്യത്തിൽ ഈ അഭിമാന ചിന്ത നമ്മുടെ മനസ്സുകളിൽ അഹങ്കാരം, അഹന്ത, തലക്കനം എന്നിങ്ങനെയുള്ള അനാവശ്യ ഗുണങ്ങളും നൽകും. അഭിമാനം കൊള്ളുന്ന ഒരാളെ ലളിതമായി പുകഴ്ത്തി പറ്റിക്കാൻ കഴിയും. ആ വ്യാജ പുകഴ്ത്തൽ ഏറ്റവും അപകടകരമായ ആയുധമാണ്. വെടിയുണ്ടയേക്കാൾ കരുത്തുറ്റതാണ് മുഖസ്തുതികൾ. അഭിമാനം കൊള്ളലിൽ നിന്ന് വിട്ടു നിൽക്കുന്നതാണ് നല്ലത്. പൊങ്ങച്ചത്തിന്റെ ഫലം അപമാനമായിരിക്കും. അതിനെ നമുക്ക് വെറുക്കാം.



# കല്യാണ സംസാരം



ഒരു യുവാവിന്റെ വിവാഹമായിരുന്നു. സൽക്കാര വേളയിൽ നന്ദി രേഖപ്പെടുത്തിക്കൊണ്ട് അവൻ സംസാരിച്ചു. ഡോക്ടർ ആയ തന്റെ അച്ഛൻ തനിക്ക് എത്രമാത്രം സഹായി ആയിരുന്നുവെന്ന് അവൻ വികാരാവേശത്തോടെ പറഞ്ഞു. ഒരു ഘട്ടത്തിൽ കൈവശം ഉണ്ടായിരുന്ന കടലാസ് കഷണത്തിൽ എഴുതിയവ വായിച്ചു കൊണ്ടിരുന്ന അവന്റെ സംസാരം പെട്ടെന്ന് തടസ്സപ്പെട്ടു.

'ഇതിൽ എന്താണ് എഴുതിതെന്ന് വായിക്കാൻ കഴിയുന്നില്ല. ഡോക്ടറുടെ കൈയക്ഷരം മനസ്സിലാവുന്ന മെഡിക്കൽ സ്റ്റോർകാർ ഉണ്ടോ?' എന്ന് ചോദിച്ചു. തന്നെക്കുറിച്ച് പൊങ്ങച്ചം പറയാൻ ആവശ്യപ്പെട്ട് മകന്റെ കൈവശം എഴുതിക്കൊടുത്ത ആ ഡോക്ടറെ നോക്കി എല്ലാവരും മൂക്കത്ത് വിരൽ വച്ചു.

# 'എന്താണ് തെറ്റ്?'

ആരെയും തനി സ്വരൂപത്തിൽ ശിൽപമാക്കാൻ കഴിവുള്ള ഒരു ശിൽപി ഉണ്ടായിരുന്നു. ഒരാളുടെ ശിൽപം വാർത്തെടുത്താൽ ശിൽപം ഏത് മനുഷ്യൻ ഏത് എന്ന് വ്യത്യാസം കണ്ടറിയാൻ കഴിയില്ല. പല രാജാക്കന്മാർ അഭിനന്ദിച്ച് വലിയ അഭിമാനത്തോടെ ശിൽപങ്ങൾ ഒരുക്കി അദ്ദേഹം.

ഭഗവൽ ശിൽപങ്ങൾ നിരവധി സൃഷ്ടിച്ച് ദൈവീകശക്തിയുംഅദ്ദേഹംനേടിയിരുന്നതിനാൽ, മരണവും മുൻകൂട്ടി കണ്ടിരുന്നു. ആ ദിവസവും എത്തി. അദ്ദേഹം തന്റെ ധാരാളം ശിൽപങ്ങൾ ഉണ്ടാക്കി. മരണ ദൂതന്മാർ എത്തിയപ്പോൾ, അവയ്ക്ക് നടുവിൽ നിന്നു. ശിൽപവും ശിൽപിയും തിരിച്ചറിയാതെ അവർ വിഷമിച്ചു.



അപ്പോൾ ഒരു ദൂതൻ ഒരു തന്ത്രം പ്രയോഗിച്ചു. ഒരു ശിൽപത്തെ നോക്കി, 'ഇത് കൊത്തിയപ്പോൾ ശിൽപി വലിയ ഒരു തെറ്റ് ചെയ്തു' എന്ന് പറഞ്ഞു. അത് കേട്ടതും ശിൽപിക്ക് ദേഷ്യം വന്നു. 'എന്ത് തെറ്റ്? എന്റെ ശിൽപങ്ങളിൽ ആർക്കും തെറ്റ് കണ്ടുപിടിക്കാൻ കഴിയില്ല' എന്ന് കയർത്തു. 'നിങ്ങളെ കണ്ടുപിടിക്കാനായിരുന്നു ഈ നാടകം' എന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ ജീവനും കൊണ്ട് അവർ പോയി.

പൊങ്ങച്ചം പറയുന്നവർ, സന്ദർഭം അറിയാതെ സങ്കടത്തിൽ ചെന്നുപെടും.

# ഇതൊക്കെ അഭിമാനം

ജീവിതത്തിൽ ചില കാര്യങ്ങൾ സ്വാഭാവികമായവ ആണെന്ന് അറിയാം. എങ്കിലും അതേക്കുറിച്ചും അഭിമാനപ്പെടണം. ദിവസവും കൃത്യ സമയത്ത് ഉറക്കമെണീറ്റ് രാത്രി കൃത്യ സമയത്ത് ഉറങ്ങാൻ പോകുന്നത് ചിന്തിച്ച് അഭിമാനിക്കണം. മൂന്നു നേരം ഭക്ഷണം കൃത്യസമയത്ത് കഴിച്ചാൽ, അതിനും അഭിമാനിക്കണം. നിങ്ങളുടെ ജോലി എല്ലാ ദിവസവും കൃത്യമായി പൂർത്തിയാക്കി, മനസംതൃപ്തിയോടെ വീട്ടിലേക്ക് മടങ്ങുകയാണെങ്കിൽ അതിനും അഭിമാനിക്കണം. നിങ്ങൾ ഏത് മേഖലയിൽ ആണെങ്കിലും, അതിൽ ഉണ്ടാകുന്ന മാറ്റങ്ങളും മുന്നേറ്റങ്ങളും അറിഞ്ഞിരുന്നാൽ, അതിന് അഭിമാനിക്കണം. എന്തെന്നാൽ, ധാരാളം പേർ ഇവയൊന്നും ചെയ്യാറില്ല.





# അഭിമാനത്തിൽ വിനയം വേണം

ഒരു രാജാവിനെ മുഖം കാണിക്കാൻ ദൂരെ ദേശത്തു നിന്ന് ഒരു സന്ന്യാസി എത്തി. രാജാവ് കൊട്ടാര സദസ്സിൽ ഒരു സുപ്രധാന സഭയിൽ ആയിരുന്നതിനാൽ, സന്ന്യാസിക്ക് ഏറെ നേരം കാത്തിരിക്കേണ്ടി വന്നു. അതിനു ശേഷം അദ്ദേഹത്തെ ഉള്ളിലേക്ക് വിളിപ്പിച്ച രാജാവ്, 'ക്ഷമിക്കണം, പ്രധാനപ്പെട്ട ജോലിയിലായിരുന്നതിനാൽ, താങ്കളെ കാത്തിരുത്തേണ്ടിവന്നു'എന്ന്പറഞ്ഞു.സന്ന്യാസി 'സാരമില' എന്നതു പോലെ തന്റെ തലപ്പാവ് അഴിച്ച് കൈയിൽ വച്ചു കൊണ്ട് രാജാവിനെ വണങ്ങി. രാജാവും ഉടനേ സിംഹാസനത്തിൽ നിന്ന്എഴുന്നേറ്റ്തന്റെകിരീടംഅഴിച്ച്അദ്ദേഹത്തെ വണങ്ങി.

ഉടനേ മുതിർന്ന മന്ത്രി അത്ഭുതപ്പെട്ടു. 'മന്നാ എന്താണിത്? അദ്ദേഹം സന്ന്യാസി, തലപ്പാവ് അഴിക്കാം. താങ്കൾ അദ്ദേഹത്തിന് തുല്യമായി കിരീടം അഴിക്കുന്നത് എന്തിന്?' എന്ന് ചോദിച്ചു. 'മന്ത്രി, അദ്ദേഹം അതിരറ്റ വിനയം കാണിക്കുന്നു. അദ്ദേഹത്തേക്കാൾ വിനയം ഞാൻ കാണിക്കുന്നതല്ലേ രീതി. വിനയത്തിൽ എല്ലാവരേയും കാൾ ഉയർന്നവനായിരിക്കുന്നതാണ് ഒരു രാജാവിന് ഭംഗി. അതിനാലാണ് അങ്ങനെ ചെയ്തത്' എന്ന് പറഞ്ഞു രാജാവ്.

പദവി വരുമ്പോൾ മാത്രമല്ല, ഏത് രീതിയിൽ പെരുമ വന്നാലും, അപ്പോൾ നമ്മിൽ ഒപ്പം വരേണ്ടതാണ് വിനയം. നാം എത്ര തന്നെ

മികവുറ്റവരാണെങ്കിലും,'നമ്മേക്കാൾമികച്ചവർഈ ലോകത്ത് ഉണ്ട്' എന്ന ബോധ്യം ഉണ്ടായിരിക്കണം. നമ്മുടെ ബലവും ബലഹീനതയും നമുക്ക് അറിയാം. ഒരു സന്ദർഭത്തിൽ നമ്മുടെ ബലം നമുക്ക് വിജയം നൽകും. മറ്റൊരു സന്ദർഭത്തിൽ നമ്മുടെ ബലഹീനത നമ്മെ സങ്കടത്തിൽ ആഴ്ത്തും. അത് അറിഞ്ഞിരിക്കണം.

'ഈ ജോലിയിൽ എന്നേക്കാൾ മികവുറ്റവർ ആരുമില്ല' എന്ന് അഹന്ത സംസാരിക്കുന്നതോ, 'ഞാൻ വരുന്നതിനു മുമ്പ് ഈ ഓഫീസ് ഒന്നുമല്ലായിരുന്നു. ഞാൻ ഇതിനെ ഓഫീസാക്കി മാറ്റിയത്' എന്ന് പറയുന്നതോ ഒരാളെ പൊങ്ങച്ചക്കാരാക്കി കാണിക്കു. വിനയം കാണിക്കുന്നവരെയാണ് ഈ ലോകം ഇഷ്ടപ്പെടുന്നത്.

അതേ സമയം 'വിനയം കാണിക്കുന്നു' എന്ന് കരുതി അമിതമായി തന്നടക്കവും കാണിക്കരുത്. പിന്നീട് നിങ്ങൾ ചെയ്യുന്ന ഒരു കാര്യവും ലോകം അറിയാതെ പോകും. നിങ്ങളുടെ അധ്വാനം മറ്റേതെങ്കിലും ഒരാൾ തന്റേതാക്കി കാണിച്ച് പേരെടുക്കും. നിങ്ങളെ ആഘോഷിക്കാനുള്ള സന്ദർഭങ്ങൾ നിങ്ങളുടെ സുഹൃത്തുക്കൾക്ക് ലഭിക്കാതെ പോകും. ഓഫീസിൽ നിങ്ങൾക്ക് ന്യായമായി ലഭിക്കേണ്ട ഉദ്യോഗക്കയറ്റം ലഭിക്കാതെ പോകാം.

നിങ്ങളുടെ അധ്വാനവും വിജയവും സാധനകളും അഹന്തയാണെന്ന് അറിയാതെ പറയേണ്ടത് എങ്ങനെ?

❖ 'ഇത് കഷ്ടപ്പെട്ട് ചെയ്ത് വല്ലാതെ ക്ഷീണിച്ചു പോയി' എന്ന് മുഷിപ്പ് പറയുന്നതോ 'ഇതൊക്കെ എന്ത്? നിസ്സാരമല്ലേ' എന്ന് പറയുന്നതോ, അഹങ്കാരം. ഒരു കഠിനമായ ജോലി ചെയ്ത് പൂർത്തിയാക്കുമ്പോൾ, 'ഇത് അൽപം ബുദ്ധിമുട്ടായിരുന്നു. കഷ്ടപ്പെട്ടാലും പൂർത്തിയാക്കണമെന്ന് തീരുമാനിച്ചു, പൂർത്തിയാക്കി' എന്ന് അടക്കത്തോടെ പറയുമ്പോൾ നിങ്ങളുടെ വിനയവും വെളിപ്പെടും. നിങ്ങൾ ചെയ്ത ജോലിയും എല്ലാവർക്കും മനസ്സിലാകും.

❖ നിങ്ങളുടെ വിജയം ഉയർത്തിക്കാട്ടുന്നതിനു വേണ്ടി, മറ്റുള്ളവരുടെ പ്രവർത്തികളെ കുറച്ചു മതിപ്പിടരുത്. 'ഈ കമ്പനിയിൽ ഞാൻ വിൽക്കുന്നതിൽ പകുതി പോലും മറ്റാരും വിൽക്കുന്നില്ല' എന്ന് പറയുന്നത് നിങ്ങളെ ഉയർത്തിക്കാട്ടില്ല. 'നല്ല കസ്റ്റമർമാരെ ലഭിച്ചിട്ടുണ്ട്. എപ്പോഴും കൂടുതൽ വിൽപന ചെയ്യുന്ന സെയിൽസ്മാനായി എന്നെ അവരാണ് മാറ്റുന്നത്' എന്ന് പറയുമ്പോൾ വിനയവും അധ്വാനവും ഒരുമിച്ച് വെളിപ്പെടും.

* 'എന്റെ വിജയത്തിന് ഞാനേ കാരണം, എന്റെ അധ്വാനമാണ് എന്നെ ഇവിടെ കൊണ്ടെത്തിച്ചത്' എന്ന് പറയുന്നത് അഹന്ത. സഹപ്രവർത്തകർ, കുടുംബം, സുഹൃത്തുക്കൾ എന്നിങ്ങനെ പലരുടെയും സഹകരണമാണ് ഓരോരുത്തരെയും ഉയർത്തുന്നത്. അവരുടെ പങ്ക് എടുത്തു പറയാൻ മറക്കരുത്.

❖ 'ഞാൻ ഒരു കഴിവുറ്റ അധ്വാനി' എന്ന് അഹന്ത സംസാരിക്കുന്നതിനേക്കാൾ കണക്കുകൾ നിരത്തി തെളിയിക്കുന്നതായിരിക്കും നല്ലത്. 'കഴിഞ്ഞതിനേക്കാൾ ഈ വർഷം രണ്ടിരട്ടി ലാഭം ലഭിച്ചു' എന്ന് പറയുമ്പോൾ, അതിൽ നിങ്ങളുടെ അധ്വാനവും മറഞ്ഞിരിക്കും.

❖ എപ്പോഴും നന്ദി പ്രകാശിപ്പിക്കണം. 'ഇതെല്ലാം ചെയ്യാൻ ഈ സ്ഥാപനം എനിക്ക് സ്വാതന്ത്ര്യം തന്നിട്ടുണ്ട്' എന്നോ, 'എത്രയോ പേരുടെ സഹായത്തോടെയാണ് ഇങ്ങനെ ഒരു വിജയം നേടാൻ കഴിഞ്ഞത്' എന്നോ ആരംഭിച്ച്, അതിനു ശേഷം തന്റെ വിജയം പറഞ്ഞാൽ, എല്ലാവരും ശ്രദ്ധയോടെ കേൾക്കും.

❖ 'ഞാൻ പൊങ്ങച്ചം പറയുകല്ല' എന്ന് ഒരാൾ ആരംഭിച്ചാൽ തന്നെ, അടുത്തത് ആ വ്യക്തി സംസാരിക്കാൻ പോകുന്നത് അഹന്തയാണെന്ന് എല്ലാവർക്കും മനസ്സിലാകും. 'എല്ലാവരോടും ഒരു ഗുഡ് ന്യൂസ് പറയാനുണ്ട്' എന്ന് ആരംഭിച്ച് പറഞ്ഞാൽ അത് വിനയം കാണിക്കും.

❖ എല്ലാവരോടും എല്ലാം പറയേണ്ട ആവശ്യമില്ല. ഒരു വിജയമോ സാധനയോ ഒരാളോട് പറഞ്ഞാൽ നിങ്ങൾക്ക് പോസിറ്റീവ് ആയ ഫലം ലഭിക്കും എന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ അത് പറയാവൂ. ●



# അഭിമാനിക്കാവുന്ന തൊഴിലാളിയാകൂ

ഏത് ജോലി ചെയ്താലും അതിൽ അഭിമാനിക്കണം. ശുചീകരണ തൊഴിലാളി ആയിരുന്നാലും, 'ഈ ലോകത്തെ ഏറ്റവും മികച്ച ശുചീകരണ തൊഴിലാളി ഞാനാണ്. എന്നേക്കാൾ മികവോടെ ഇത് മറ്റാർക്കും ചെയ്യാൻ കഴിയില്ല' എന്ന് ചിന്തിക്കുന്നതാണ് നാം ആ ജോലിക്ക് നൽകുന്ന പെരുമ. അത് ജീവിത വിജയം നൽകും. ജോലി അഭിമാനമായി ചിന്തിച്ച് ചെയ്യുമ്പോൾ വിരസത തോന്നില്ല. മനസംതൃപ്തി ലഭിക്കും. ജോലി സന്തോഷത്തോടെ ചെയ്യാൻ കഴിയും. ഇങ്ങനെ ചെയ്യുന്നവരാണ് തങ്ങളെയും ഉയർത്തി, ജോലിചെയ്യുന്നസ്ഥാപനത്തെയുംവളർത്തുന്നത്.

ജോലി അഭിമാനം എന്ന് ചിന്തിച്ച് അധ്വാനിക്കുന്നത് എങ്ങനെ?

- ഈ ജോലിയിൽ എന്റെ പങ്ക് ഈ സ്ഥാപനത്തിന് എങ്ങനെ സഹായകമാകും, സഹപ്രവർത്തകർക്ക് എന്ത് ഫലം നൽകും, ഇതു കൊണ്ട്ഉപഭോക്താക്കൾക്ക്ഉണ്ടാകുന്നനേട്ടങ്ങൾ എന്തെല്ലാം എന്ന് മനസ്സിലാക്കി അധ്വാനിക്കണം. ഈ ജോലി നിങ്ങൾക്ക് നൽകിയിരിക്കുന്ന മര്യാദ, അതിലൂടെ നിങ്ങളുടെ കുടുംബത്തിനുണ്ടാകുന്ന ഫലങ്ങൾ എന്നിവയെല്ലാം ചിന്തിക്കണം. തീർച്ചയായും അഭിമാനം തോന്നും.

- ഓരോ ദിവസവും നിങ്ങളുടെ അധ്വാനം മെച്ചപ്പെടണം. കഴിഞ്ഞ ദിവസത്തേക്കാൾ ഇന്ന് ഏത് കാര്യത്തിൽ നാം മികവ് കാട്ടുന്നു എന്ന് ദിവസവും ചിന്തിക്കണം. അത് പെരുമം നൽകും.

- വലിയ ലക്ഷ്യങ്ങളെക്കുറിച്ച് ഓർത്ത് ഖിന്നരാകരുത്. അത് ചെറിയ, ചെറിയ ജോലികളായി വിഭജിച്ച് ചെയ്യണം. നിങ്ങൾക്ക് അത് എളുപ്പത്തിൽ പൂർത്തീകരിക്കാൻ കഴിയും.

- ഒരു സ്ഥാപനത്തിൽ ഓരോരുത്തരുടെ ജോലിയും മതിപ്പുറ്റത്. 'മറ്റുള്ളവരെല്ലാം പ്രധാനപ്പെട്ട ജോലികൾ ചെയ്യുന്നു. ഞാൻ സാധാരണ ആൾ' എന്ന ചിന്ത ഒരിക്കലും ഉണ്ടാകരുത്. മറ്റുള്ളവർ അങ്ങനെ പറഞ്ഞാലും, അത് നിങ്ങൾ വിശ്വസിക്കരുത്. നിങ്ങൾ പ്രധാനപ്പെട്ട ആൾ ആയതു കൊണ്ടാണ് ആ സ്ഥാപനത്തിൽ ഉണ്ടായിരിക്കുന്നത്.

- നിങ്ങളുടെ ജോലിയിൽ നിങ്ങൾക്ക് പെരുമ ലഭിക്കുന്നുണ്ടാകാം. പക്ഷേ സഹപ്രവർത്തകർക്ക് സഹായകമാകുമ്പോഴാണ് മനസംതൃപ്തി ലഭിക്കുന്നത്. എന്തെങ്കിലും പ്രശ്നങ്ങളുമായി അവർ എത്തുമ്പോൾ പരിഹാരം പറയണം. അതിലൂടെ ലഭിക്കുന്ന പെരുമ വ്യത്യസ്തമായത്.

- ഏത് ജോലിയും എല്ലാവരേയും പോലെ ചെയ്യാതെ വ്യത്യസ്തമായി ചെയ്യണം. സ്ഥാപനത്തിന്റെ വളർച്ചയ്ക്കുള്ള പോംവഴികൾ

## അഭിമാനപ്പെടുത്തണം

ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരിൽ നിന്ന് ആരംഭിച്ച് വീട്ടു ജോലി ചെയ്യുന്ന തൊഴിലാളി വരെ ആർക്കും അഭിമാനിതരാകാൻ സന്ദർഭം നൽകിയാൽ, അവർ ഉത്സാഹത്തോടെ അധ്വാനിക്കും. അതിന് ചില മാർഗങ്ങൾ:

❖ 'ഇതെല്ലാം ഇവിടത്തെ ശീലം, ഇത് പിന്തുടരണം. ഇത് ഇങ്ങനെ ചെയ്യുന്നതാണ് മികവ് എന്ന് തുടക്കത്തിലേ പറയണം.

❖ 'ചെയ്യരുതാത്തവ' എന്ന ഒരു പട്ടിക ഉണ്ടായിരിക്കും. അതും മുൻകൂട്ടി പറയുന്നത്, അവർ തെറ്റ് ചെയ്യുന്നത് തടുക്കാനുള്ള അവസരമാണ്.

❖ ഒരാൾ പുതിയതായി ജോലിയിൽ ചേർന്നതാണെങ്കിൽ, അവർ ആ സ്ഥാപനത്തിൽ ഉണ്ടാക്കുന്ന മാറ്റം എന്തായിരിക്കുമെന്ന് ഇടയ്ക്കിടെ പറയണം.

❖ തങ്ങൾക്ക് അറിയാവുന്ന എല്ലാം ചെയ്ത് നോക്കാനുള്ള അവസരം അവർക്ക് നൽകണം.

❖ ഈ സ്ഥാപനം എവിടെ നിന്ന് ആരംഭിച്ച്, എങ്ങനെ വളർന്നിരിക്കുന്നു, ഭാവിയിൽ ഏത് എത്താൻ ആഗ്രഹിക്കുന്നു എന്നത് അവരെ ബോധ്യപ്പെടുത്തണം.

❖ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നാം ഏത് രീതിയിലാണ് വ്യത്യസ്തമായിരിക്കുന്നത് എന്ന് എടുത്തു പറയണം. ആ സവിശേഷത കാത്തുസൂക്ഷിക്കാൻ അവർക്ക് ഉത്തരവാദിത്തം ഉണ്ടെന്നും പറയണം.

❖ അവരുടെ വിജയങ്ങളെ അഭിനന്ദിക്കണം. അത് എല്ലാവർക്കും മുന്നിൽ പറയണം. അവരുടെ തെറ്റുകൾ മറ്റുള്ളവരിൽ നിന്ന് മാറ്റി നിർത്തി ബോധ്യപ്പെടുത്തണം.

❖ കൃത്യമായ സമയത്ത് ഉദ്യോഗക്കയറ്റം നൽകണം.

നിങ്ങളുടെ പക്കലുണ്ടെങ്കിൽ മടിക്കാതെ വെളിപ്പെടുത്തണം. നിങ്ങളുടെ സ്ഥാപനത്തിന്റെ മതിപ്പ്ബോധ്യപ്പെട്ട് ഉള്ളതായിരിക്കണം നിങ്ങളുടെ പദ്ധതികൾ.

● സ്നേഹത്തോടെയും വിനയത്തോടെയും പെരുമാറണം. അത് നിങ്ങൾക്ക് സ്വാഭാവികമായി ഉണ്ടായാൽ കുടുംബത്തിലും സമാധാനം ഉണ്ടാകും. സഹപ്രവർത്തകരും മര്യാദ കാണിക്കും.

● നമ്മുടെ ജോലിയിൽ അഭിമാനിക്കുന്നതു പോലെ മറ്റുള്ളവരുടെ അധ്വാനത്തെയും അഭിനന്ദിക്കണം. സഹ പ്രവർത്തകർ പുതിയതായോ അഭിമാനിക്കാവുന്ന തരത്തിലോ എന്തെങ്കിലും ചെയ്താൽ മനസ്സ് തുറന്ന് അഭിനന്ദിക്കണം. ഇതെല്ലാം നിങ്ങളെ ബഹുമാന്യരാക്കി മാറ്റും.

● ജോലിയിൽ നിഷ്ഠ പാലിക്കണം. കൃത്യസമയത്ത് ജോലിക്ക്എത്തണം.എന്തുംപറഞ്ഞ സമയത്ത് പൂർത്തിയാക്കണം. എല്ലാം കൃത്യമായി ആസൂത്രണം ചെയ്യണം.

● നിങ്ങളെ വിശ്വസിച്ച് ഏൽപിക്കുന്ന ഉത്തരവാദിത്തങ്ങൾ മടിക്കാതെ ഏറ്റെടുക്കണം.



വിജയത്തിൽ അഭിനന്ദനം നേടുന്നതു പോലെ പരാജയത്തിൽ ഉത്തരവാദിത്തം ഏറ്റ് വിമർശനങ്ങൾ നേരിടണം.

● ഏകാഗ്രമായി ജോലി ചെയ്യണം. ജോലി സമയത്ത് അനാവശ്യ സംസാരങ്ങൾ ഒഴിവാക്കുന്നതും എന്ത് പ്രശ്നമായിരുന്നാലും അത് ജോലിയിൽ വെളിപ്പെടുത്താതിരിക്കുന്നതും മികച്ച തൊഴിലാളിയുടെ അടയാളങ്ങൾ.

ജോലിയിൽ അഭിമാനിക്കുന്നത് വ്യകതിപരമായി നിങ്ങൾക്കും സ്ഥാപനത്തിനും നല്ലത്. 'ഈ സ്ഥാപനത്തിൽ ഇങ്ങനെ ഒരാൾ ഉണ്ട്, അദ്ദേഹത്തെപ്പോലെ ഈ ജോലി മികവോടെ ചെയ്യുന്നവരെ കണ്ടെത്താൻ ബുദ്ധിമുട്ടാണ്' എന്ന് പേരെടുക്കുന്നത് നിങ്ങൾക്ക് വളർച്ച നൽകും. നിങ്ങളിലൂടെ സ്ഥാപനം വളരുമ്പോൾ, അതിനേറ്റ പ്രതിഫലവും നിങ്ങൾക്ക് ലഭിക്കും. അഭിമാനത്തോടെ അധ്വാനിക്കുമ്പോൾ, നിങ്ങൾ ചെയ്യുന്നജോലിഅർത്ഥവത്തായി മാറും. നിങ്ങളുടെ ആത്മവിശ്വാസവും ആത്മാഭിമാനവും അധികരിക്കും. ●



# അഭിമാനിക്കാവുന്ന ജീവിതപങ്കാളി ആയിരിക്കണം

മനുഷ്യർ വികാരജീവികളാണ്. സ്നേഹം, കരുതൽ, ബഹുമാനം, പിന്തുണ എന്നിവയ്ക്കായി ഏങ്ങുന്ന മനസ്സ് ഉള്ളവർ. ഇവയെല്ലാം സുഹൃത്തുക്കൾ, ബന്ധുക്കൾ, സഹപ്രവർത്തകർ, ചുറ്റുവട്ടത്തുള്ളവർ, കുടുംബാംഗങ്ങൾ എന്നിങ്ങനെ എല്ലാവരിൽ നിന്നും ലഭിക്കാം. പക്ഷേ ജീവിതപങ്കാളിയിൽ നിന്ന് ഇതെല്ലാം ലഭിക്കുന്നത് പ്രധാനം. ഉപാധികളില്ലാത്ത സ്നേഹവും മതിപ്പും പെരുമയും ജീവിതപങ്കാളി നൽകിയാൽ, അതിനേക്കാൾ ജീവിതത്തിൽ വലിയ ഭാഗ്യമില്ല. പ്രതിസന്ധിയിൽ കൈ കൊടുത്താൽ ഏത് പ്രശ്നത്തിൽ നിന്നും പുറത്തു കടക്കാം. അഭിമാനിക്കാവുന്ന ജീവിതപങ്കാളി ആയിരിക്കുന്നത് എങ്ങനെ?

- ഏത് ജോലിക്കിടയിലും ദിവസവും സംസാരിക്കണം. പകൽ മുഴുവനും എന്താണ് ചെയ്തത് എന്നതിനെക്കുറിച്ച് സംസാരിക്കണം. നിങ്ങളുടെ ചിന്തകൾ, വികാരങ്ങൾ വെളിപ്പെടുത്തണം. ജീവിതപങ്കാളി പറയുന്ന വാക്കുകളോ അവരുടെ പ്രവർത്തികളോ വേദനപ്പെടുത്തുന്നതാണെങ്കിൽ, അത് തുറന്ന് പറയണം. പ്രശ്നങ്ങൾ ഒഴിവാക്കാൻ മൗനമാണ് മികച്ച മാർഗം എന്ന് പറയാറുണ്ട്. പക്ഷേ, ജീവിതപങ്കാളിയോട് മൗനം പാലിക്കുന്നത് അനാവശ്യ പ്രശ്നങ്ങൾ ഉണ്ടാക്കും.

- സംസാരിക്കുന്നതു പോലെ കേൾക്കുകയും വേണം. ജീവിതപങ്കാളി എന്തെങ്കിലും പറയുമ്പോൾ ടി വി കണ്ടുകൊണ്ടോ മൊബൈൽ തോണ്ടിക്കൊണ്ടോ പത്രം വായിച്ചു കൊണ്ടോ മറ്റെന്തെങ്കിലും ശ്രദ്ധിച്ചു കൊണ്ടോ കേൾക്കരുത്. ശ്രദ്ധ മുഴുവൻ അവർ പറയുന്നതിലായിരിക്കണം. വീട്ടിലാണെങ്കിലും തങ്ങളുടെ ജോലികൾ ചെയ്തു കൊണ്ടോ മറ്റൊരു ലോകത്തിരിക്കും ധാരാളം പേർ.

- ജീവിതപങ്കാളിയെ അവഗണിക്കരുത്. 'മറ്റ് മാർഗമില്ലാതെ നമ്മോടൊപ്പം ജീവിതത്തിൽ കൂടിയവർ. ഇവർക്ക് നമ്മെ വിട്ടാൽ മറ്റ് ഗതിയില്ല' എന്നതു പോലുള്ള ചിന്തയും സംസാരവും ജീവിതകാലം മുഴുവനും ആറാത്ത മുറിവ് മനസ്സിൽ ഉണ്ടാക്കും. നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റി നൽകുന്ന ഉത്തരവാദപ്പെട്ട ഒരാളായി മാത്രവും അവരെ കുറിച്ച് ചിന്തിക്കുന്നത് തെറ്റ്. കാര്യങ്ങൾ നിരവധി ചെയ്താലും സ്നേഹം മാത്രമാണ് രണ്ടു മനുഷ്യരെ ബന്ധിപ്പിക്കുന്ന കരുത്തുറ്റ ചങ്ങല. അത് അളവറ്റ് നൽകുന്നവർക്കേ ധാരാളം ലഭിക്കുകയുമുള്ളൂ. നിങ്ങളുടെ ജീവിതത്തിൽ അവരേക്കാൾ പ്രധാനപ്പെട്ട മറ്റാരുമില്ല എന്നത് സന്ദർഭം ലഭിക്കുമ്പോഴെല്ലാം ബോധ്യപ്പെടുത്തിക്കൊണ്ടേയിരിക്കണം.

- ജീവിതപങ്കാളിയുടെ വികാരങ്ങളെ മാനിക്കണം. എന്തെങ്കിലും തെറ്റ് ചെയ്താൽ,

മടിക്കാതെ ക്ഷമ ചോദിക്കണം.

- തന്റെ ആവശ്യങ്ങൾ, ആഗ്രഹങ്ങൾ എന്നിവയിൽ നിങ്ങളുടെ ജീവിതപങ്കാളി സ്വതന്ത്രമായി തീരുമാനമെടുക്കണം. അതിനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരിക്കണം. ഒരാൾ മാത്രം തീരുമാനിച്ച് അത് മറ്റൊരാളിൽ അടിച്ചേൽപിക്കുന്ന ജീവിതത്തിൽ ഇരുവർക്കും സന്തോഷം ഉണ്ടായിരിക്കില്ല.

- നിങ്ങൾ ഏത് തീരുമാനമെടുത്താലും, അതിൽ ജീവിതപങ്കാളിയുടെ അഭിപ്രായം തേടണം. 'എല്ലാം എനിക്കറിയാം. ഞാൻ എടുക്കുന്ന തീരുമാനം ശരിയായിരിക്കും' എന്നൊക്കെ ചിന്തിക്കുന്നത് അഹന്ത. നിങ്ങൾ എടുക്കുന്നതാണ് തീരുമാനം എങ്കിലും, ജീവിതപങ്കാളിയോട് ആലോചിക്കുമ്പോൾ 'നാം ഈ കുടുംബത്തിൽ പ്രധാനപ്പെട്ട വ്യക്തി, നമ്മുടെ അഭിപ്രായത്തിനും വിലയുണ്ട്' എന്ന വികാരം ഉണ്ടാക്കും. അത് അവർക്ക് അഭിമാനവും നൽകും.

- അപ്രതീക്ഷിത ആശ്ചര്യങ്ങളാണ് ജീവിതത്തിനെ ആസ്വാദ്യകരമാക്കുന്നത്. പ്രധാനപ്പെട്ട ദിവസങ്ങളിലും ആവശ്യമായ സന്ദർഭങ്ങളിലും സമ്മാനങ്ങൾ നൽകി ആശ്ചര്യപ്പെടുത്തണം. സമ്മാനങ്ങൾ പോലെ തന്നെ പറയുന്ന വാക്കുകളും പ്രധാനം.

- അവരുടെ കഴിവുകളിൽ സന്ദേഹിക്കരുത്. അവർ എന്തെങ്കിലും പുതിയതായി പരിശ്രമിക്കുമ്പോൾ പ്രോത്സാഹിപ്പിക്കണം. അത് ശരിയായി ചെയ്യാൻ വഴികാട്ടിയാകണം, ആവശ്യമായ സഹായം ചെയ്യണം. അവരുടെ ജീവിത സ്വപ്നങ്ങളിൽ പങ്കാളിയായിരിക്കേണ്ടത് ജീവിതപങ്കാളിയുടെ കടമ.

- പല ദമ്പതികളും 'നന്ദി' എന്ന വാക്ക് പരസ്പരം പങ്കുവയ്ക്കാൻ ക്രമേണ മറന്നു പോകും. 'നമുക്കുള്ളിൽ ഇതില്ലാം എന്തിന്' എന്ന് ഒഴിവാക്കും. പക്ഷേ, നന്ദി എന്നത് വെറും സാമ്പ്രദായിക വാക്ക് അല്ല. 'എനിക്കു വേണ്ടി ഇത് ചെയ്ത് ഞാൻ വലുതായി കരുതുന്നു' എന്ന് മറ്റൊരാളെ ബോധ്യപ്പെടുത്തുന്ന വാക്ക് അത്. നന്ദി പറയുന്നതും അഭിനന്ദിക്കുന്നതും ജീവിതത്തിനെ കൂടുതൽ അർത്ഥമുള്ളതാക്കി മാറ്റും.



- പലരും തങ്ങളുടെ ജീവിതത്തിൽ ലഭിച്ച ഒരു തമാശ ആയിട്ടാണ് ജീവിതപങ്കാളിയെ കാണുന്നത്. അവരെ പലരുടെ മുന്നിലും കളിയാക്കും. അവർക്ക് ഒന്നും അറിയില്ലെന്ന് മുദ്രകുത്തി കൊച്ചാക്കും. ജീവിതപങ്കാളിയുടെ വികാരങ്ങളോട് കളിക്കരുത്. മറ്റുള്ളവർ പറയുന്ന വാക്കുകളേക്കാൾ, നിങ്ങളുടെ വാക്കുകൾ അവരെ കൂടുതൽ മുറിവേൽപിക്കും. അവർക്ക് എപ്പോഴും മര്യാദ നൽകണം.

- ഒരു ബന്ധത്തിൽ സത്യസന്ധത ഇല്ലാതെ പോയാൽ, ആ ബന്ധം നിരർത്ഥകമാകും. ജീവിതപങ്കാളിയോട് സത്യസന്ധത പാലിക്കണം. നിങ്ങളിരുവർക്കും ഇടയിൽ രഹസ്യങ്ങൾ ഉണ്ടാകരുത്. ചില കാര്യങ്ങൾ പങ്കുവയ്ക്കുമ്പോൾ തർക്കങ്ങൾഉണ്ടാകാം.നിങ്ങളുടെഭാഗത്തെന്യായം ബോധ്യപ്പെടുത്തണം. പ്രശ്നം ഉണ്ടാകരുതെന്ന് കരുതി പറയുന്ന ഒരു കള്ളം പിൽക്കാലത്ത് അനാവശ്യ പ്രശ്നങ്ങൾ ഉണ്ടാക്കാം.

- പറഞ്ഞ വാക്ക് പാലിക്കണം. നിങ്ങളാൽ ചെയ്യാൻ കഴിയുന്നത് മാത്രം ഉറപ്പു നൽകണം. അത് ഏത് രീതിയിലും പാലിക്കണം. വാക്കിനും ജീവിതത്തിനും വ്യത്യാസം ഉണ്ടായിരുന്നാൽ അത്തരം മനുഷ്യർക്ക് മതിപ്പ് ഉണ്ടാകില്ല.

'ഇത്തരത്തിലുള്ള ദമ്പതിയായി ജീവിക്കണം' എന്ന് ഉദാഹരണം കാണിക്കുന്ന എല്ലാ ദമ്പതികളും 24 മണിക്കൂറും ഒരുമിച്ച് ഇരിക്കുന്നവരല്ല. ജോലിയും ജീവിതാവശ്യങ്ങളുമായി മണിക്കൂറുകളോളം അകന്നിരിക്കുന്നവരായിരിക്കും. ഒരാൾ എടുക്കുന്ന തീരുമാനം മറ്റൊരാൾ കണ്ണുമടച്ച് സമ്മതിക്കാറില്ല. തെറ്റായ തീരുമാനങ്ങൾ എടുക്കുമ്പോൾ, 'ഇത് ശരിയല്ല' എന്ന് എടുത്തു പറഞ്ഞ് ബോധ്യപ്പെടുത്തും.

പക്ഷേ, ഇതിനെല്ലാത്തിനും ഉപരിയായി 'നാം സുരക്ഷിതമായ ഇടത്തിലാണ്' എന്ന സമാധാനം ജീവിതപങ്കാളിക്ക് നൽകുന്നതാണ് യഥാർത്ഥ പെരുമ.



# അഭിമാനിക്കാവുന്ന രക്ഷിതാക്കളായിരിക്കണം

ഒരുകുട്ടിയെവളർത്തിയെടുക്കുന്നതുപോലുള്ള സമ്മർദ്ദം നിറഞ്ഞ ഉത്തരവാദിത്തം മറ്റൊന്നുമില്ല. അവരെ കരുണ, ധൈര്യം, സ്വാതന്ത്ര്യം, വിജ്ഞാനം എന്നിങ്ങനെ എല്ലാം അടങ്ങിയ വ്യക്തികളായി ശരിയായ രീതിയിൽ വളർത്തുന്നത് വലിയ വെല്ലുവിളിയാണ്. അവർക്ക് പ്രശ്നങ്ങളൊന്നും വരാതെയും ശ്രദ്ധയോടെ നോക്കണം.

തെറ്റ് ചെയ്യാത്ത രക്ഷിതാക്കളില്ല, തെറ്റ് ചെയ്യാത്ത കുട്ടികളുമില്ല. കുട്ടികളുടെ തെറ്റുകളെ തിരുത്തി, തങ്ങളുടെ തെറ്റുകളിൽ നിന്ന് പാഠം പഠിച്ച്, ശരിയായ കാര്യങ്ങൾ ചെയ്യുന്ന രക്ഷിതാക്കളാണ് മഹത്വമുള്ളവരായി മാറുന്നത്. അങ്ങനെ മാറാൻ ചില മാർഗങ്ങൾ:

- കുട്ടികൾവികാരങ്ങളുടെകൂമ്പാരമായിരിക്കും. പെട്ടെന്ന് ദേഷ്യം വരും. അത് മറന്ന് ചില നിമിഷങ്ങളിൽ ചിരിക്കും. ചിന്തിക്കാത്ത ചില കാര്യങ്ങൾക്ക് നിർബന്ധം പിടിക്കും. അവരുടെ വികാരങ്ങളെ മതിച്ച് എപ്പോഴും സംസാരിക്കണം.

- ഓരോ കുട്ടിക്കും തനത് കഴിവുകൾ ഉണ്ടായിരിക്കും. ഓരോ സന്ദർഭങ്ങളിലും അവരുടെ ആവശ്യങ്ങൾ വ്യത്യാസപ്പെടും. 'ഇങ്ങനെ വേണം കുട്ടിയെ വളർത്തേണ്ടത്' എന്ന പൊതുവായ മാർഗനിർദ്ദേശങ്ങൾ ഉണ്ടെങ്കിലും, ഓരോ കുട്ടിയുടേയും ഗുണങ്ങൾക്ക് അനുസരിച്ച് അത് മാറും. കുട്ടികൾക്ക് നിങ്ങൾ ധാരാളം വിഷയങ്ങൾ പരിചയപ്പെടുത്തുന്നതു പോലെ തന്നെ, കുട്ടികളെ വളർത്തുന്നത് എങ്ങനെ ആയിരിക്കണം എന്ന് അവരും നിങ്ങളെ പഠിപ്പിക്കും. അത് മനസ്സിലാക്കി അവരെ കരുതലോടെ നോക്കണം.

- രക്ഷിതാക്കളുടെ സ്വഭാവസവിശേഷതകൾ ഉള്ളവരായിരിക്കും കുട്ടികളും. അതിനും അപ്പുറവും അവരുടെ പക്കൽ തനതു ഗുണങ്ങളും കഴിവുകളും ഉണ്ടായിരിക്കും. ഒരു കുട്ടിക്ക് ഗണിതത്തിലായിരിക്കും മികവ്. മറ്റൊരാൾക്ക് ഏത് യന്ത്രവും അഴിച്ചെടുത്ത് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിലായിരിക്കും മിടുക്ക്. നമ്മെപ്പോലെ അല്ലാതെ, നാം പ്രതീക്ഷിക്കാത്ത വിധത്തിലല്ലാതെ, ഇങ്ങനെമറ്റൊരുദിശയിൽസഞ്ചരിക്കുകയാണല്ലോ എന്ന് സങ്കടപ്പെടേണ്ടതില്ല. അവരുടെ തനതു കഴിവുകൾ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കണം.

- ബലവും ബലഹീനതയും കുറവും നിറവും ഉള്ളവരാണ് എല്ലാ മനുഷ്യരും. നമ്മുടെ പക്കൽ ഇല്ലാത്ത വൈദഗ്ധ്യം കുട്ടികളിൽ പ്രതീക്ഷിക്കരുത്. തെറ്റ് ചെയ്ത്





അവർ വിഷമിക്കുമ്പോൾ, സ്വന്തം ബലഹീനത ബോധ്യപ്പെട്ട് അപകർഷതയിലാകുമ്പോൾ, 'ഇതെല്ലാം സ്വാഭാവികം' എന്ന് ബോധ്യപ്പെടുത്തി അവരെ കൈപിടിച്ച് ഉയർത്തണം.

- കുട്ടികളെ പുണ്യാളന്മാരായി കാണരുത്. അവരും തെറ്റ് ചെയ്യും. എന്തെങ്കിലും തെറ്റ് ചെയ്ത് നിങ്ങളിൽ നിന്ന് മറയ്ക്കാൻ നോക്കും. 'എന്റെ കുട്ടി ഇങ്ങനെ ചെയ്തോ' എന്ന് ദേഷ്യപ്പെടരുത്. അങ്ങനെ വഴക്കു പറഞ്ഞാലും ഉടനേ ക്ഷമ ചോദിക്കണം. അവർക്കും തെറ്റ് ചെയ്താൽ ക്ഷമ ചോദിക്കണം എന്ന ഗുണം വളരും.

- കുട്ടിയായിരിക്കുമ്പോൾ കൂടുതൽ സ്നേഹം നൽകും പല രക്ഷിതാക്കളും. കുട്ടി വളരുന്തോറും അത് കുറയ്ക്കും. ഭക്ഷണശീലം, പഠനം, വിനോദം, വസ്ത്രം എന്നിങ്ങനെ പല വിഷയങ്ങൾ ചൂണ്ടിക്കാട്ടി കുട്ടികളെ കുറ്റം പറയരുത്. അത് കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇടയിൽ അകൽച്ച വർധിപ്പിക്കും. ഏതു പ്രായത്തിലും ഈ അകൽച്ച ഉണ്ടാകാതെ നോക്കണം. സമ്മാനങ്ങൾ നൽകുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും സംസാരിക്കുകയും അവരുടെ വിനോദങ്ങളെക്കുറിച്ച് അറിയുകയും ചെയ്തു കൊണ്ട് എപ്പോഴും അവരുടെ ലോകത്ത് കഴിയണം.

- സ്നേഹത്തിന് നടുവിൽ കാർക്കശ്യവും ആവശ്യമാണ്. അവരെ സുരക്ഷിതമാക്കാനും അവർക്ക് തെറ്റായി എന്തെങ്കിലും സംഭവിക്കാതെ തടുക്കാനും കൃത്യമായ മേൽനോട്ടവും കാർക്കശ്യവും നൽകണം. എന്നാൽ സുരക്ഷിതമാക്കുന്നു എന്ന് കരുതി ലോകാനുഭവങ്ങൾ അവർക്ക് നിരസിക്കുകയും അരുത്. സമൂഹത്തിൽ നല്ലതും കെട്ടതും ഉണ്ടെന്ന് അവർ അറിയണം. ആ അനുഭവങ്ങൾ ലഭിക്കാതെ പോയാൽ, അവർക്ക് കാലിടറിപ്പോകും.

- കുട്ടികളുടെ ഇഷ്ടങ്ങൾ ആശ്ചര്യപ്പെടുത്തുന്നവയാണ്. നാം സ്വപ്നത്തിൽ പോലും പ്രതീക്ഷിക്കാത്ത കാര്യങ്ങൾക്ക് അവർ ആഗ്രഹിക്കും. നമ്മൾ ഇഷ്ടത്തോടെ ചെയ്യുന്ന ഒന്ന് അവർക്ക് 'ഇഷ്ടമായില്ല' എന്ന് പറയും. നമുക്ക് ഇഷ്ടപ്പെട്ടത് അവരും ഇഷ്ടപ്പെടണം എന്ന നിർബന്ധമില്ല. ഇത് മനസ്സിലാക്കണം. അവരുടെ ആഗ്രഹങ്ങൾക്ക് തടസ്സമാകരുത്. എന്നാൽ അവരുടെ ആഗ്രഹങ്ങൾ അവരെകുരുക്കിലാക്കുംഎന്നബോധ്യമുണ്ടെങ്കിൽ, അത് യുക്തിപൂർവം എടുത്തു പറയണം. തെറ്റായ ആഗ്രഹങ്ങൾ തിരുത്തണം.

- കുട്ടികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടവരും ഇഷ്ടപ്പെടാത്തവരും നിങ്ങൾ തന്നെ ആയിരിക്കും. ഈ വൈരുദ്ധ്യം മനസ്സിലാക്കണം. അവർ ഇഷ്ടപ്പെടുന്ന ഒന്ന് നിങ്ങൾ ചെയ്യുമ്പോൾ, നിങ്ങളെ അത്രയും കണ്ട് സ്നേഹിക്കും. അവർക്ക് ഇഷ്ടമില്ലാത്ത ഒന്ന് നിങ്ങൾ നിർബന്ധിക്കുമ്പോൾ, നിങ്ങളെ വെറുക്കും. ഇവയെല്ലാം ആ നിമിഷത്തിൽ വെളിപ്പെടുത്തുന്നവയാണ്. ഇത് മനസ്സിലാക്കി കുട്ടികളോട് സ്നേഹം കാണിക്കണം.

- കുട്ടികൾചെറിയഒരുസാധനചെയ്താലുംഅത് ആദ്യം ഓടിവന്ന് പറയുന്നത് നിങ്ങളോടായിരിക്കും. നിങ്ങളുടെ വയസ്സിനും അനുഭവത്തിനും അത് സാധാരണ കാര്യമായിരിക്കും. പക്ഷേ കുട്ടിക്ക് അത് വലിയ പ്രവർത്തിയാണ്. അവരുടെ നിലയിലേക്ക് താണ് ആശ്ചര്യപ്പെട്ട് അത് ആഘോഷമാക്കണം. അവരെ പ്രോത്സാഹിപ്പിക്കുന്ന പ്രഥമ വ്യക്തി നിങ്ങളായിരിക്കണം. ●

# ഈ രീതിയിൽ അഭിമാനിക്കരുത്



ജീവിതത്തിൽ ഉയരുമ്പോൾ വിനയം വേണം. ആ ഉയർവിൽ അഭിമാനിച്ച് ചില കാര്യങ്ങൾ തെറ്റായി ചെയ്യരുത്. നാം ശ്രദ്ധിക്കേണ്ട ആ കാര്യങ്ങൾ ഇതാ:

- ആരെങ്കിലും എന്തെങ്കിലും പറഞ്ഞു തരുമ്പോൾ, 'നമുക്ക് അറിയാത്ത എന്തോ ഇയാൾ പഠിപ്പിക്കാൻ പോകുകയാണ്' എന്ന് അവഗണിക്കരുത്. എത്ര വലിയ മനുഷ്യനായിരുന്നാലും അറിയാത്ത പല കാര്യങ്ങളും ഈ ലോകത്ത് ഉണ്ട്.

- എന്തെങ്കിലും ഒരു കാര്യം ചെയ്യാൻ ആരെങ്കിലും ആവശ്യപ്പെടുമ്പോൾ, 'ഇതാണോ ഞാൻ ചെയ്യേണ്ടത്?' എന്ന് നിസ്സാരമായി കാണരുത്. മറ്റുള്ളവർക്ക് ചെറിയ സഹായം ചെയ്യുന്നതിലും അഭിമാനം കാണണം.

- ചില കാര്യങ്ങൾ പൂർത്തിയാക്കാൻ കഴിയാതെ വിഷമിക്കുമ്പോൾ, 'ഞാൻ എത്ര വലിയ മനുഷ്യൻ, ഞാൻ എങ്ങനെ മറ്റുള്ളവരോട് സഹായം ചോദിക്കുന്നത്' എന്ന് ചിന്തിക്കരുത്. ആ അഹന്ത നമ്മുടെ ബലഹീനത നമ്മെ ബോധ്യപ്പെടുത്താതെ പോകും.

- ഒരു സംഭാഷണത്തിൽ തന്റെ ജോലി, പദവി, സാമ്പത്തികാവസ്ഥ എന്നിങ്ങനെ എല്ലാത്തിനെയും കുറിച്ച് സംസാരിക്കരുത്. അത് മറ്റുള്ളവരെക്കുറിച്ച് നാം അറിയേണ്ടത് തടുക്കും.

- 'എനിക്ക് അയാളെ അറിയാം,' 'ഇദ്ദേഹം ഞാൻ പറയുന്നത് അനുസരിക്കും.' എന്നിങ്ങനെയുള്ള പെരുമ അരുത്. 'ഞാൻ വലിയ ആൾ' എന്ന് കാണിക്കാൻ ഇങ്ങനെ സംസാരിക്കുന്നത് അഹന്തയാണ്. നിങ്ങളുടെ യോഗ്യതകളാണ് നിങ്ങൾക്ക് മതിപ്പ് ആകേണ്ടത്. ആരോ ഒരാളുടെ സുഹൃത്ത് എന്നതിലല്ല.

- നമ്മേക്കാൾ താഴെയുള്ളവരോട് കരുണയോടെ പെരുമാറണം. സഹായിക്കണം. 'ഇവരേക്കാൾ എത്രയോ ഉയരത്തിലാണ് ഞാൻ' എന്ന അഹന്ത ആ സ്ഥാനത്ത് ഉണ്ടാകരുത്.

- ആരെങ്കിലും ഒരാൾ സ്നേഹത്തോടെ ഉപദേശിക്കുമ്പോൾ, 'എല്ലാം എനിക്ക് അറിയാം' എന്ന മനോഭാവത്തിൽ നിൽക്കരുത്. ജീവിതത്തിലെ എല്ലാ അഴിയാക്കുരുക്കുകളും അഴിക്കാനുള്ള തന്ത്രം നമ്മുടെ ചിന്തയിൽ വരില്ല.


- എപ്പോഴും എല്ലാവരേയും വിമർശിച്ചു കൊണ്ടിരിക്കരുത്. അവർ ചെയ്യുന്ന നല്ല കാര്യങ്ങൾ അഭിനന്ദിക്കണം. അപ്പോഴേ തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ അവർ ശ്രദ്ധയോടെ കേൾക്കൂ.

- നമ്മുടെ കഴിവ്, അധ്വാനം, ജോലി എന്നിവയിൽ എപ്പോഴും മറ്റുള്ളവർ അഭിനന്ദിച്ചു കൊണ്ടിരിക്കണം എന്ന് പ്രതീക്ഷിക്കരുത്. അതേ പോലെ, വിമർശനങ്ങളെയും കണ്ണടച്ച് നിസ്സാരമാക്കരുത്. കരുതലോടെ പറയുന്ന അഭിപ്രായങ്ങൾ ശ്രദ്ധയോടെ കേൾക്കണം.

- വീട്ടിലും തൊഴിൽ സ്ഥലത്തും സമൂഹത്തിലും പാലിക്കേണ്ട നിയമങ്ങൾ പിന്തുടരണം. 'എനിക്ക് ഇതൊന്നും ബാധകമല്ല' എന്ന ചിന്ത ഉയർവ് നൽകില്ല. വിനയമാണ് പെരുമ തേടി നൽകുന്നത്.



Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 & Printed by B. ASHOK KUMAR at RATHNA OFFSET PRINTERS, 40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL



Inners for Winners
RAMRAJ
VESTS
BRIEFS • TRUNKS
Engineered
For the Everyday
Champion,
Everywhere
Shreyas Iyer - Cricketer
SUKRA
SUPER FINE COTTON VESTS
ROMEX
SUPERIOR BANIANS
RISE-UP
PREMIUM BANIANS
ACOSTE
LUXURY INNERWEARS
Breeze
Eye Let Vests
WinStripe
STRIPED BANIANS
ARCHERY
GYM VEST
COMPACT
PREMIUM COTTON RIB VESTS
LITTLE STARS
KIDS INNERWEARS
Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-05-2025.Posted at Tirupur BPC on 5th of every month.

